# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചാലിയാർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം 5/517/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 24/05/2022
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചാലിയാർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചാലിയാർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചാലിയാർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം 5/517/2022 തീയ്യതി: 24/05/2022

## മലപ്പുറം ജില്ലയിലെ ചാലിയാർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ ചാലിയാർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 25-02-2020 മുതൽ 06-02-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 23-02-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. ഉണ്ണിപൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 07-02-2022 | 23-02-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 07-02-2022 | 23-02-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1). ശ്രീ.അബ്ദുൾ സത്താർ.സി.പി,ഓഡിറ്റ് ഓഫീസർ
2). ശ്രീ.അമീൻ ഫൈസൽ.ടി.ടി, സീനിയർ ഗ്രേഡ് ഓഡിറ്റർ
3). ശ്രീ.റഷീദ്.വി, സീനിയർ ഗ്രേഡ് ഓഡിറ്റർ
4). ശ്രീമതി.സുജാത.എം, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ.പി.ടി.ഉസ്മാൻ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 12-11-2020 | 19-12-2020 |
| ശ്രീ.മനോഹരൻ.പി | പ്രസിഡന്റ് | 20-12-2020 | 31-03-2021 |
| ശ്രീ.കൃഷ്ണകുമാർ.എൻ | സെക്രട്ടറി | 01-04-2020 | 06-06-2020 |
| ശ്രീമതി.രജനി.എം | സെക്രട്ടറി-ഇൻ-ചാർജ്ജ് | 07-06-2020 | 09-06-2020 |
| ശ്രീ.മുരളീധരൻ.പി.കെ | സെക്രട്ടറി | 10-06-2020 | 10-07-2020 |
| ശ്രീമതി. രജനി.എം | സെക്രട്ടറി-ഇൻ-ചാർജ്ജ് | 11-07-2020 | 20-07-2020 |
| ശ്രീ.മുരളീധരൻ.പി.കെ | സെക്രട്ടറി | 21-07-2020 | 04-11-2020 |
| ശ്രീമതി. രജനി.എം | സെക്രട്ടറി-ഇൻ-ചാർജ്ജ് | 05-11-2020 | 15-11-2020 |
| ശ്രീ.മുരളീധരൻ.പി.കെ | സെക്രട്ടറി | 18-11-2020 | 16-01-2021 |
| ശ്രീമതി. രജനി.എം | സെക്രട്ടറി-ഇൻ-ചാർജ്ജ് | 17-01-2021 | 14-02-2021 |
| ശ്രീ.മുരളീധരൻ.പി.കെ | സെക്രട്ടറി | 15-02-2021 | 11-03-2021 |
| ശ്രീമതി. രജനി.എം | സെക്രട്ടറി-ഇൻ-ചാർജ്ജ് | 12-03-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഡോ.അനൂപ്.ടി.എൻ | മെഡിക്കൽ ഓഫീസർ ( FHC) | 01-04-2020 | 31-03-2021 |
| ഡോ.ജിജോ.എ.പി | മെഡിക്കൽ ഓഫീസർ ( GAD) | 01-04-2020 | 08-12-2020 |
| ഡോ.ചാന്ദ്നി.ആർ | മെഡിക്കൽ ഓഫീസർ ( GAD) | 09-12-2020 | 10-12-2020 |
| ഡോ.ജിജോ.എ.പി | മെഡിക്കൽ ഓഫീസർ ( GAD) | 11-12-2020 | 19-01-2021 |
| ഡോ.ചാന്ദ്നി.ആർ | മെഡിക്കൽ ഓഫീസർ ( GAD) | 20-01-2021 | 31-03-2021 |
| ഡോ.പ്രിയ വിജയൻ | മെഡിക്കൽ ഓഫീസർ ( ഹോമിയോ) | 01-04-2020 | 06-02-2021 |
| ഡോ.ദിവ്യ ഗോപാലകൃഷ്ണൻ | മെഡിക്കൽ ഓഫീസർ ( ഹോമിയോ) | 07-02-2021 | 14-02-2021 |
| ഡോ.ഹാരിസ്.പി.കെ | മെഡിക്കൽ ഓഫീസർ ( ഹോമിയോ) | 15-02-2021 | 31-03-2021 |
| ഡോ.സജീവ് കുമാർ | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീ.ഉമ്മർ കോയ.ടി | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ.അബ്ദുൾ കരീം | അസി. എഞ്ചിനീയർ | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| പാലപ്പറ്റ | | | |
| ശ്രീ.നിജാഷ്.എ | വി ഇ ഒ | 01-04-2020 | 31-03-2021 |
| ശ്രീ.മുഹമ്മദ് ഷരീഫ് | ഹെഡ്മാസ്റ്റർ | 01-04-2020 | 31-03-2021 |
| ശ്രീമതി.സുലൈഖ.കെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീമതി രജനി എം. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |

--

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Sujatha M (Auditor, On 23-02-2022)<br>Last Updated By: Sujatha M (Auditor, On 23-02-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക.<br>Written By: Sujatha M (Auditor, On 23-02-2022)<br>Last Updated By: Sujatha M (Auditor, On 23-02-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം.<br>Written By: Sujatha M (Auditor, On 23-02-2022)<br>Last Updated By: Abdul Sathar C.P (Audit Officer, On 14-03-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം (ACR പ്രകാരം)<br>Written By: Sujatha M (Auditor, On 23-02-2022)<br>Last Updated By: Unni.P (Deputy Director, On 10-05-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Sujatha M (Auditor, On 23-02-2022)<br>Last Updated By: Sujatha M (Auditor, On 23-02-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി.<br>Written By: Sujatha M (Auditor, On 23-02-2022)<br>Last Updated By: Sujatha M (Auditor, On 23-02-2022) | 1-6 |
| 7 | ക്ഷേമപദ്ധതികൾ.<br>Written By: Sujatha M (Auditor, On 23-02-2022)<br>Last Updated By: Sujatha M (Auditor, On 23-02-2022) | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ.<br>Written By: Sujatha M (Auditor, On 23-02-2022)<br>Last Updated By: Sujatha M (Auditor, On 23-02-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Abdul Sathar C.P (Audit Officer, On 21-02-2022)<br>Last Updated By: Unni.P (Deputy Director, On 24-05-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം.<br>Written By: Sujatha M (Auditor, On 23-02-2022)<br>Last Updated By: Sujatha M (Auditor, On 23-02-2022) | 1-10 |
| 11 | വാർഷികകണക്ക് പരിശോധന – അപാകതകൾ<br>Written By: Sujatha M (Auditor, On 23-02-2022)<br>Last Updated By: Unni.P (Deputy Director, On 10-05-2022) | 1-11 |
| 12 | കൺവീനർക്ക് ലാഭ വിഹിതം നൽകി- 34058/- രൂപ അധിക തുക നൽകി<br>Written By: Ameen Faisal.T.T (Senior Grade Auditor, On 22-02-2022)<br>Last Updated By: Unni.P (Deputy Director, On 24-05-2022) | 1-12 |
| 13 | ജി.എസ്.ടി രജിസ്ട്രേഷൻ ഇല്ലാത്ത കൺവീനർമാർക്ക് ടാക്സ് അനുവദിച്ചു നൽകിയത് ക്രമ വിരുദ്ധം.<br>Written By: Ameen Faisal.T.T (Senior Grade Auditor, On 22-02-2022)<br>Last Updated By: Ameen Faisal.T.T (Senior Grade Auditor, On 23-02-2022) | 1-13 |
| 14 | ഓവർ ഹെഡ് ചാർജ് ഇനത്തിൽ കൺവീനർക്ക് അധികം തുക നൽകി.<br>Written By: Ameen Faisal.T.T (Senior Grade Auditor, On 22-02-2022)<br>Last Updated By: Unni.P (Deputy Director, On 24-05-2022) | 1-14 |
| 15 | ഒബ്സേർവ്ഡ് ഡാറ്റ – നിരക്ക് കണക്കാക്കിയതിൽ അപാകത- അധിക തുക നൽകി<br>Written By: Ameen Faisal.T.T (Senior Grade Auditor, On 23-02-2022)<br>Last Updated By: Unni.P (Deputy Director, On 24-05-2022) | 1-15 |
| 16 | അങ്കണവാടികൾക്ക് ഷീറ്റ് ഇടൽ<br>Written By: Ameen Faisal.T.T (Senior Grade Auditor, On 23-02-2022)<br>Last Updated By: Ameen Faisal.T.T (Senior Grade Auditor, On 23-02-2022) | 1-15-1 |
| 17 | സ്കൂൾ മെയിന്റനൻസ് പ്രവൃത്തികൾ<br>Written By: Ameen Faisal.T.T (Senior Grade Auditor, On 23-02-2022) | 1-15-2 |

| | | |
|---|---|---|
| | Last Updated By: Ameen Faisal.T.T (Senior Grade Auditor, On 23-02-2022) | |
| 18 | സിംഗിൾ സെക്ഷൻ വർക്കിന് ടസ്റ്റ് വർക്കിന്റെ നിരക്ക് അനുവദിച്ചു- അധികച്ചെലവ്.<br>Written By: Ameen Faisal.T.T (Senior Grade Auditor, On 23-02-2022)<br>Last Updated By: Ameen Faisal.T.T (Senior Grade Auditor, On 30-04-2022) | 1-16 |
| 19 | ഇടിവണ്ണ അങ്കണവാടിക്ക് ഷീറ്റ് ഇടൽ (211/21)<br>Written By: Ameen Faisal.T.T (Senior Grade Auditor, On 23-02-2022)<br>Last Updated By: Unni.P (Deputy Director, On 24-05-2022) | 1-16-1 |
| 20 | പെരുമ്പത്തൂർ GLPS റിപ്പയർ (245/21)<br>Written By: Ameen Faisal.T.T (Senior Grade Auditor, On 23-02-2022)<br>Last Updated By: Unni.P (Deputy Director, On 10-05-2022) | 1-16-2 |
| 21 | ഇ ടെണ്ടറിൽ ടെണ്ടർ ഫീ- ലഭ്യമാക്കിയില്ല.<br>Written By: Ameen Faisal.T.T (Senior Grade Auditor, On 22-02-2022)<br>Last Updated By: Unni.P (Deputy Director, On 24-05-2022) | 1-17 |
| 22 | കളക്ഷൻ ചാർജ്ജ് ഈടാക്കേണ്ടതാണ്.<br>Written By: Ameen Faisal.T.T (Senior Grade Auditor, On 22-02-2022)<br>Last Updated By: Unni.P (Deputy Director, On 24-05-2022) | 1-18 |
| 23 | ഓഡിറ്റ് പരാമർശം_ 6887/- രൂപ തിരിച്ചടവാക്കി<br>Written By: Ameen Faisal.T.T (Senior Grade Auditor, On 22-02-2022)<br>Last Updated By: Unni.P (Deputy Director, On 10-05-2022) | 1-19 |
| 24 | മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം-പൊതുവായ അപാകതകൾ<br>Written By: Ameen Faisal.T.T (Senior Grade Auditor, On 22-02-2022)<br>Last Updated By: Unni.P (Deputy Director, On 24-05-2022) | 1-20 |
| 25 | എസ്.സി, എസ്.ടി വിദ്യാർത്ഥികൾക്കുള്ള ലാപ്ടോപ്പ് വിതരണത്തിന് ലഭ്യമായിട്ടില്ല.<br>Written By: Ameen Faisal.T.T (Senior Grade Auditor, On 23-02-2022)<br>Last Updated By: Unni.P (Deputy Director, On 10-05-2022) | 1-21 |
| 26 | പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം- സമഗ്ര വിദ്യാഭ്യാസ സഹായ പദ്ധതി (എസ്.സി.പി)<br>Written By: Ameen Faisal.T.T (Senior Grade Auditor, On 23-02-2022)<br>Last Updated By: Ameen Faisal.T.T (Senior Grade Auditor, On 23-02-2022) | 1-21-1 |
| 27 | പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം- സമഗ്ര വിദ്യാഭ്യാസ സഹായ പദ്ധതി (ടി.എസ്..പി)<br>Written By: Ameen Faisal.T.T (Senior Grade Auditor, On 23-02-2022)<br>Last Updated By: Unni.P (Deputy Director, On 10-05-2022) | 1-21-2 |
| 28 | ആഡ്യൻപാറ നീർത്തട പദ്ധതി - തുക ചെലവഴിക്കാതെ അക്കൌണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.<br>Written By: Rasheed V (Senior Grade Auditor, On 23-02-2022)<br>Last Updated By: Unni.P (Deputy Director, On 10-05-2022) | 1-22 |
| 29 | സമഗ്ര നെൽകൃഷി വികസനം - പദ്ധതി നിർവ്വഹണത്തിലെ അപാകത.<br>Written By: Rasheed V (Senior Grade Auditor, On 23-02-2022)<br>Last Updated By: Unni.P (Deputy Director, On 10-05-2022) | 1-23 |
| 30 | ഔഷധിയിൽ നിന്ന് മരുന്നുകൾ മുഴുവൻ ലഭിച്ചിട്ടില്ല.<br>Written By: Abdul Sathar C.P (Audit Officer, On 21-02-2022)<br>Last Updated By: Unni.P (Deputy Director, On 10-05-2022) | 1-24 |
| 31 | വ്യാപാര സ്ഥാപനങ്ങളിലെ തൊഴിലാളികളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നില്ല.<br>Written By: Sujatha M (Auditor, On 23-02-2022)<br>Last Updated By: Unni.P (Deputy Director, On 10-05-2022) | 1-25 |
| 32 | വാടക -വർദ്ധനവ് വരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടില്ല.<br>Written By: Sujatha M (Auditor, On 23-02-2022)<br>Last Updated By: Unni.P (Deputy Director, On 24-05-2022) | 1-26 |
| 33 | തുടർ നടപടി വിവരം ലഭ്യമാക്കേണ്ടതാണ്.<br>Written By: Sujatha M (Auditor, On 23-02-2022)<br>Last Updated By: Unni.P (Deputy Director, On 10-05-2022) | 1-27 |

| | | |
|---|---|---|
| 34 | ജി.എസ്.ടിയിന്മേൽ 2 ശതമാനം TDS ഈടാക്കിയില്ല<br>Written By: Sujatha M (Auditor, On 23-02-2022)<br>Last Updated By: Unni.P (Deputy Director, On 24-05-2022) | 1-28 |
| 35 | റഗുലറൈസേഷൻ ഫീസ് ഈടാക്കിയതിൽ കുറവ്<br>Written By: Sujatha M (Auditor, On 23-02-2022)<br>Last Updated By: Unni.P (Deputy Director, On 24-05-2022) | 1-29 |
| 36 | ഉപയോഗക്രമത്തിനനുസൃതമായ വസ്തുനികുതി ചുമത്തിയില്ല.<br>Written By: Sujatha M (Auditor, On 23-02-2022)<br>Last Updated By: Unni.P (Deputy Director, On 10-05-2022) | 1-30 |
| 37 | വി. ഇ.ഒ.യുടെ പദ്ധതി  നടത്തിപ്പിലെ അപാകതകൾ<br>Written By: Sujatha M (Auditor, On 23-02-2022)<br>Last Updated By: Unni.P (Deputy Director, On 10-05-2022) | 1-31 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | കൺവീനർക്ക് ലാഭവിഹിതം നൽകി_ 34058/- രൂപയുടെ അധിക ചെലവ്.<br>Written By: Ameen Faisal.T.T (Senior Grade Auditor, On 23-02-2022)<br>Last Updated By: Unni.P (Deputy Director, On 24-05-2022) | 3-1 |
| 2 | ഓവർ ഹെഡ് ചാർജ് ഇനത്തിൽ കൺവീനർമാർക്ക് അധിക തുക നൽകി.<br>Written By: Ameen Faisal.T.T (Senior Grade Auditor, On 30-04-2022)<br>Last Updated By: Unni.P (Deputy Director, On 24-05-2022) | 3-2 |
| 3 | സിംഗിൾ സെക്ഷൻ വർക്കിന് ടസ്റ്റ് വർക്കിന്റെ നിരക്ക് അനുവദിച്ചു- 37,754/- രൂപയുടെ അധികച്ചെലവ്.<br>Written By: Ameen Faisal.T.T (Senior Grade Auditor, On 30-04-2022)<br>Last Updated By: Unni.P (Deputy Director, On 24-05-2022) | 3-3 |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.<br>Written By: Sujatha M (Auditor, On 21-02-2022)<br>Last Updated By: Sujatha M (Auditor, On 21-02-2022) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം.<br>Written By: Sujatha M (Auditor, On 21-02-2022)<br>Last Updated By: Unni.P (Deputy Director, On 10-05-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ.<br>Written By: Sujatha M (Auditor, On 21-02-2022)<br>Last Updated By: Sujatha M (Auditor, On 21-02-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ.<br>Written By: Sujatha M (Auditor, On 21-02-2022)<br>Last Updated By: Sujatha M (Auditor, On 21-02-2022) | 4-4 |
| 5 | വായ്പ /വായ്പ തിരിച്ചടവ്.<br>Written By: Sujatha M (Auditor, On 21-02-2022)<br>Last Updated By: Sujatha M (Auditor, On 21-02-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ.<br>Written By: Sujatha M (Auditor, On 21-02-2022)<br>Last Updated By: Sujatha M (Auditor, On 21-02-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി.<br>Written By: Sujatha M (Auditor, On 23-02-2022)<br>Last Updated By: Sujatha M (Auditor, On 23-02-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: Sujatha M (Auditor, On 21-02-2022)<br>Last Updated By: Sujatha M (Auditor, On 21-02-2022) | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളുടെ വിവരം.<br>Written By: Sujatha M (Auditor, On 21-02-2022)<br>Last Updated By: Unni.P (Deputy Director, On 10-05-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം.<br>Written By: Sujatha M (Auditor, On 21-02-2022) | 4-10 |

| | | |
|---|---|---|
| | Last Updated By: Unni.P (Deputy Director, On 24-05-2022) | |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ.<br>Written By: Sujatha M (Auditor, On 23-02-2022)<br>Last Updated By: Unni.P (Deputy Director, On 10-05-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| 2020-21 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | (പുതുക്കിയത്) തീരുമാന നം./തിയ്യതി |
|---|---|
| 2(1)/23.03.2020 | 1(1)/ 23.02.2021 |

### 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31 .07.2021 | 30.06.2021 | - | - |

### 1-3 സാമ്പത്തിക വിശകലനം.

| | |
|---|---|
| മുന്നിരിപ്പ് | 1,39,79,369 |
| വരവ് | 8,08,92,365 |
| ആകെ | 9,48,71,734 |
| ചെലവ് | 7,68,74,665 |
| നീക്കിയിരിപ്പ് | 1,79,97,069 |

### 1-4 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഗ്രാന്റിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 19342098 | 19342098 | 17283719 | 2058379 |
| വികസന ഫണ്ട് (SCP) | 0 | 4042106 | 4042106 | 3307027 | 735079 |
| വികസന ഫണ്ട് (TSP) | 0 | 5385990 | 5385990 | 4841697 | 544293 |
| CFC- Tied | 0 | 7170000 | 7170000 | 2857972 | 4312028 |
| CFC- Un Tied | 0 | 14906297 | 14906297 | 7783159 | 7123138 |
| മെയിന്റനൻസ് ഫണ്ട്-റോഡ് | 0 | 14980000 | 14980000 | 14903699 | 76301 |
| മെയിന്റനൻസ് ഫണ്ട് -റോഡിതരം | 0 | 5014760 | 5014760 | 2927533 | 2087227 |
| ബി ഫണ്ട് | 0 | 44260300 | 44260300 | 44260300 | 0 |

### 1-5 പദ്ധതി അവലോകനം

2020-21 ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 278 | 117286994 | 204 | 66034379 | 0 | 74 | 73.38% |

### 1-6 തൊഴിലുറപ്പ് പദ്ധതി.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 4434 | 1161790 | 1166224 | 1142160 | 24064 |
| ഗുണഭോക്താക്കൾ നേരിട്ട് നൽകുന്നത് | 0 | 29769933 | 29769933 | 29769933 | 0 |

### 1-7 ക്ഷേമപദ്ധതികൾ.

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 4976000 | 331 |
| വിധവാപെൻഷൻ | 14493900 | 950 |
| വാർദ്ധക്യകാലപെൻഷൻ | 19174400 | 1343 |
| വികലാംഗപെൻഷൻ | 4583800 | 312 |
| വിവാഹധനസഹായം | 120000 | 4 |
| 50 വയസിനു മുകളിലുള്ള വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 912200 | 59 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ.

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.02.2022 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 22,079/- രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1. ജി.ഒ. (എം.എസ്) 10/17 തസ്വഭവ തി. 9.1.17 പ്രകാരം പ്രോജക്ടുകൾ നടപ്പിലാക്കിയ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി മാറണം. എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥർ ഹാജരാക്കിയ ഫയലിൽ മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ടുകൾ ഉൾപ്പെടുത്തിയിട്ടില്ല.

2. സ്ഥിരാസ്തികളുടെ ഭൗതിക പരിശോധന കേരള പഞ്ചായത്ത്‌രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 58(4), 82(2) എന്നിവ പ്രകാരം പ്രതിവർഷം നടത്തി ആസ്തി രജിസ്റ്ററുകൾ കാലികമാക്കിയിട്ടില്ല.

3. ഓഫീസിലെ എല്ലാ സെക്ഷനുകളും തൻപതിവേടുകൾ എഴുതുന്നില്ല. എഴുതുന്നവ അപൂർണ്ണവും, മേൽപരിശോധന നടത്തപ്പെടാത്തവയുമാണ്. സൂചിക വിതരണ രജിസ്റ്ററിൽ തിയ്യതി വച്ച് എല്ലാ സെക്ഷനുകളും ഒപ്പു വയ്ക്കുന്നുമില്ല. ഇക്കാര്യത്തിൽ ഉദ്യോഗസ്ഥ ഭരണപരിഷ്കാര (റൂൾസ്) വകുപ്പിന്റെ 12-2-2021 ലെ നം. റൂൾസ്-2/22/2020/ഉഭപവ സർക്കുലർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

4. GO(P) No.177/2006/FIN Dt 12.4.06 പ്രകാരം എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും പ്രോജക്ട് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. എന്നാൽ പല നിർവ്വഹണ ഉദ്യോഗസ്ഥരും പ്രോജക്ട് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. (ഉദാ:- മെഡിക്കൽ ഓഫീസർ). എല്ലാ നിർവഹണ ഉദ്യോഗസ്ഥർക്കും പ്രൊജക്ട് രജിസ്റ്റർ നൽകി എന്ന് സെക്രട്ടറി ഉറപ്പു വരുത്തേണ്ടതാണ്.

5. ഗവ: സർക്കുലർ നം 86/10/ഫിൻ 24.9.10 പ്രകാരം കമ്പ്യൂട്ടർ ഹാർഡ്‌വെയർ, സോഫ്റ്റ്‌വെയർ എന്നിവയ്ക്ക് പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. എന്നാൽ അപ്രകാരം ചെയ്യുന്നില്ല.

6. കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 150 പ്രകാരം അസംസ്കൃത വസ്തുക്കൾ, വില കുറഞ്ഞ സ്റ്റോർ എന്നിവയും, ഓഫീസ് ഫർണിച്ചറിനും, പുസ്തകങ്ങൾ, ഫോറങ്ങൾ, സ്റ്റേഷനറി എന്നിവയും പ്രത്യേകം സ്റ്റോക്ക് അക്കൗണ്ടുകൾ സൂക്ഷിക്കേണ്ടതാണ്. ആയത് പാലിക്കുന്നില്ല. വാർഷിക സ്റ്റോക്ക് പരിശോധന കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 58(4), 82(2) എന്നിവ പ്രകാരം നടത്തുന്നില്ല.

7. മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കുവാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

8. പട്ടിക വർഗ ഫണ്ടുകൾ ലാപ്സാവുന്നത് വളരെ ഗുരുതരമായ പ്രശ്നമായി നിലനിൽക്കുന്നു. പ്രസ്തുത കാര്യത്തിൽ അതീവ ജാഗ്രത പുലർത്തേണ്ടതാണ്.

9. പഞ്ചായത്ത് കോമ്പൗണ്ടിലെ ഷെഡിൽ നിഷ്ക്രിയാസ്തിയായി കിടക്കുന്ന ട്രാക്ടർ അർഹരായ സമിതികൾക്ക് കൈമാറി ഉപയോഗപ്പെടുത്തുകയോ കൈയൊഴിഞ്ഞ് മുതൽക്കൂട്ടുകയോ ചെയ്യേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം.

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.01.2022 | 01.12.2021 മുതൽ 31.12.2021 വരെ | 18.01.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | നടന്നിട്ടില്ല. | ബാധകമല്ല. | ബാധകമല്ല. |

## 1-11 വാർഷികകണക്ക് പരിശോധന – അപാകതകൾ

ചാലിയാർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വാർഷികകണക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1). ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് (B-11 Schedule) ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

2). Distress Relief Fund ന് വേണ്ടി ചാലിയാർ സർവ്വീസ് സഹകരണ ബാങ്കിൽ 08.03.2018 ന് അക്കൌണ്ട് (A/c No.20050011634) തുടങ്ങിയിട്ടുണ്ടെങ്കിലും ആയത് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. 31.03.2021 ന് ഈ അക്കൌണ്ടിൽ 1,30,963/- രൂപ നീക്കിയിരിപ്പുണ്ടെങ്കിലും ആയത് RP-40(b) യിൽ ഉൾപ്പെട്ടിട്ടില്ല.

3). ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിലേയും Receipt & Payment സ്റ്റേറ്റ്മെന്റിലേയും Total Sanitation Campaign (TSC) വരവ് തുക പൊരുത്തപ്പെടുന്നില്ല.

| | |
|---|---|
| Income & Expenditure Statement (I-6 Schedule) | 8,20,701.00 |
| Receipt & Payment Statement (RP-31) | 67,842.00 |

വ്യത്യാസത്തിന്റെ കാരണം വ്യക്തമല്ല.

4). ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിലേയും Receipt & Payment സ്റ്റേറ്റ്മെന്റിലേയും ICDS വരവ് തുക പൊരുത്തപ്പെടുന്നില്ല.

| | |
|---|---|
| Income & Expenditure Statement (I-6 Schedule) | 9,89,695.00 |
| Receipt & Payment Statement (RP-31) | 14,18,482.00 |

5). SMGB Own Fund 7921 ൽ നിന്നും ഇഷ്യൂ ചെയ്തതും കാലാഹരണപ്പെട്ടതുമായ താഴെ പറയുന്ന രണ്ട് ചെക്കുകൾ Liability In Respect Of Stale Cheque ഹെഡ്ഡിലേക്ക് മാറ്റിയിട്ടില്ല.

| ചെക്ക് നമ്പർ / തീയതി | തുക |
|---|---|
| 35003 / 06.10.2020 | 800 |
| 33638 / 11.05.2020 | 3350 |

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ. 19(2020-21)/22.02.2022) നൽകിയതിനെ തുടർന്ന് ക്രമ നമ്പർ 4 ലെ അപാകത പരിഹരിച്ചു.

## 1-12 കൺവീനർക്ക് ലാഭ വിഹിതം നൽകി- 34058/- രൂപ അധിക തുക നൽകി

| | |
|---|---|
| നിർവ്വഹണം | അസി. എഞ്ചിനീയർ |
| പ്രൊജക്ട് | പൊരുമ്പത്തൂർ ജി.എൽ.പി.എസ് റിപ്പയർ (245/21) |
| അടങ്കൽ/ ചെലവ് | 318300/313334 [CFC + 150000] |
| ടി എസ് | LSGD/TS/2019-20/94319(CI 31.06%) |
| കരാർ | 102/2019-20/30.12.2019 |
| എം ബുക്ക് | 25/2020-21 |
| കൺവീനർ | Moly K Andross |
| മൂല്യ നിർണ്ണയ തുക | 313334/- |
| വൗച്ചർ | 51/20.04.2021 |

ഗുണഭോക്തൃ സമിതി മുഖേന നടപ്പിലാക്കിയ മേൽ പ്രൊജക്റ്റിൽ ചുവടെ ചേർത്തിട്ടുള്ള അപാകതകൾ മൂലം, കൺവീനർക്ക് അധികം തുക നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. കൺവീനർക്ക് ലാഭ വിഹിതം അനുവദിച്ചു.

ഗുണഭോക്തൃ സമിതികൾ ലാഭേച്ഛ കൂടാതെ പ്രവർത്തിക്കുന്നവയായതിനാൽ, പ്രസ്തുത കമ്മറ്റികൾ മുഖേന നിർവ്വഹണം നടത്തുന്ന പ്രവൃത്തികളിൽ കരാറുകാർക്ക് ലാഭ വിഹിതം നൽകാൻ പാടില്ല. പ്രസ്തുത പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ ലാഭ വിഹിതം ഉൾപ്പെടുത്തുകയും, ആയത് കൂടി ഉൾപ്പെടുത്തി മൂല്യ നിർണ്ണയം നടത്തി കൺവീനർക്ക് നൽകുകയും ചെയ്തതിട്ടുണ്ട്. CP & OH ഇനത്തിൽ കരാറുകാർ മുഖേന നിർവ്വഹണം നടത്തുന്ന പ്രവൃത്തികൾക്ക് 15 ശതമാനവും, ഗുണഭോക്തൃ സമിതികൾ മുഖേന നിർവ്വഹണം നടത്തുന്ന പ്രവൃത്തികൾക്ക് 7.5 ശതമാനവും ആണ് അനുവദിക്കേണ്ടത്. എന്നാൽ ഗുണഭോക്തൃ സമിതി മുഖേന നടപ്പിലാക്കിയ മേൽ പ്രവൃത്തിക്ക് CP & OH ഇനത്തിൽ 15 ശതമാനം അനുവദിച്ചിട്ടുണ്ട്. അധികം നൽകിയ 7.5 ശതമാനം തുക തിരിച്ച് ഈടാക്കേണ്ടതാണ്.

| നൽകിയ തുക | കുറവ് വരുത്തേണ്ടതുക (7.5%) |
|---|---|
| 313334/- | 20435/- (313334*7.5/115) |

അധികം നൽകിയ തുക ഉത്തരവാദിയായ വ്യക്തികളിൽ നിന്നും ഈടാക്കേണ്ടതാണ്.

2. ഓവർ ഹെഡ് ചാർജ് ഇനത്തിൽ കൺവീനർക്ക് അധികം തുക നൽകി.

ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പാക്കുന്ന മരാമത്ത് പ്രവൃത്തികളിൽ, GST നിലവിൽ വന്നശേഷം വാറ്റ് അടക്കേണ്ടാത്തതിനാൽ ഗുണഭോക്തൃ സമിതികൾക്ക് ബിൽ നൽകുമ്പോൾ എസ്റ്റിമേറ്റിൽ ഓവർഹെഡ് ചാർജ്ജ് ഇനത്തിൽ 7.5 % അനുവദിച്ച പ്രവൃത്തികളിൽ , 5% കുറവ് ചെയ്ത് ബിൽ നൽകേണ്ടതാണെന്ന് എൽ.എസ്.ജി.ഡി ചീഫ് എഞ്ചിനിയറുടെ 16.03.2018 തിയ്യതിയിലെ ഡി.ബി3-9058/17/സി.ഇ/ത.സ്വ.ഭ.വ നമ്പർ കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ ജി.എസ്.ടി അടവാക്കുന്നതിനുള്ള 12% തുക മൂല്യ നിർണ്ണയതുകയോട് കൂട്ടി നൽകുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ ഓവർഹെഡ് ചാർജ്ജിൽ നിന്നും 5% കുറവ് ചെയ്താണ് ബിൽ നൽകേണ്ടിയിരുന്നത്.

എന്നാൽ താഴെ ചേർത്തിട്ടുള്ള പ്രവൃത്തിയുടെ ബിൽ തുക കൺവീനർക്ക് നൽകിയപ്പോൾ വാറ്റ് അടവാക്കുന്നതിനുള്ള 5% കുറവ് വരുത്താതെ ആയത് കൂടി അനുവദിച്ച് നൽകുകയാണ് ചെയ്തിട്ടുള്ളത്. അധികം നൽകിയ തുക ചുവടെ ചേർക്കുന്നു.

| നൽകിയ തുക | കുറവ് വരുത്തേണ്ടതുക(5%) |
|---|---|
| 292899/- [അപാകത 1 പ്രകാരമുള്ള അധിക ചെലവ് കുറവ് വരുത്തിയ തുക (Ie, 313334-20435)] | 13623/- (313334*5/107.5) |

അധികം നൽകിയ തുക കൺവീനറിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട ഹെഡിൽ തിരിച്ചടവാക്കേണ്ടതും, ജി.എസ്.ടി, ക്ഷേമ നിധി വിഹിതം ഇനങ്ങളിൽ അധികം അടവാക്കിയ തുക (ആയതിന്റെ 5%) ക്രമീകരിക്കേണ്ടതുമാണ്.

[മേൽ വിവരം ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (04/2020-21/14.02.2022) മറുപടി ലഭ്യമാക്കിയിട്ടില്ല- ഖണ്ഡിക 3-1 കൂടി കാണുക]

## 1-13 ജി.എസ്.ടി രജിസ്ട്രേഷൻ ഇല്ലാത്ത കൺവീനർമാർക്ക് ടാക്സ് അനുവദിച്ചു നൽകിയത് ക്രമ വിരുദ്ധം.

Central Goods And Services Tax Act, 2017 [Central Act 13 Of 2017], Kerala State Goods And Services Tax Act, 2017 [State Act 20 Of 2017] എന്നിവ പ്രകാരം രജിസ്ട്രേഷൻ ഇല്ലാത്ത വ്യക്തികൾക്ക് ജി.എസ്.ടി അനുവദിച്ചു നൽകാൻ പാടില്ല. എന്നാൽ ജി.എസ്.ടി രജിസ്ട്രേഷൻ ഇല്ലാത്ത കൺവീനർമാർക്ക് ജി.എസ്.ടി ഇനത്തിൽ ടാക്സ് അടവാക്കുന്നതിന് മൂല്യ നിർണ്ണയ തുകയുടെ 12% അനുവദിച്ചു നൽകിയിട്ടുണ്ട്.

ജി.എസ്.ടി രജിസ്ട്രേഷൻ ഇല്ലാത്ത വ്യക്തികൾക്ക് പിരിച്ചെടുക്കുന്ന ടാക്സ് അടവാക്കാൻ കഴിയില്ല. മേൽ ആക്ടുകളുടെ സെക്ഷൻ 32(1) പ്രകാരം രജിസ്ട്രേഷൻ ഇല്ലാത്ത വ്യക്തികൾ ടാക്സ് കളക്ട് ചെയ്യുന്നത് നിരോധിച്ചിട്ടുണ്ട് [Section 32 (1) -Prohibition Of Unauthorised Collection Of Tax]. കൂടാതെ ആക്ടിന്റെ സെക്ഷൻ 9(3), (4) എന്നിവ പ്രകാരം [Section 9- Levy And Collection Of Tax] രജിസ്ട്രേഷൻ ഉള്ള ഒരു വ്യക്തി രജിസ്ട്രേഷൻ ഇല്ലാത്ത ഒരു വ്യക്തിയിൽ നിന്നും ചരക്കോ സേവനമോ സ്വീകരിക്കുകയാണെങ്കിൽ ആയതുമായി ബന്ധപ്പെട്ട നികുതി [റിവേഴ്സ് ചാർജ് പ്രകാരം -Section 3(98)- Reverse Charge], രജിസ്ട്രേഷൻ ഉള്ള വ്യക്തി (Recipient) സർക്കാരിലേക്ക് നേരിട്ട് അടവാക്കേണ്ടതാണ്.

എന്നാൽ ചുവടെ ചേർത്തിട്ടുള്ള പ്രവൃത്തികൾ ഗുണഭോക്തൃ സമിതി മുഖേനയാണ് നടത്തിയിട്ടുള്ളത്. ഗുണഭോക്തൃ സമിതി കൺവീനർമാർ ജി.എസ്.ടി രജിസ്ട്രേഷൻ എടുത്തിട്ടില്ല. ആയത് കൊണ്ട് കൺവീനർമാർക്ക് ടാക്സ് അടവാക്കാൻ കഴിയില്ല.

പ്രസ്തുത കൺവീനർമാർക്ക് മൂല്യ നിർണ്ണയത്തിന്റെ 12% തുക ജി.എസ്.ടി ഇനത്തിൽ അനുവദിച്ച് നൽകിയത് ക്രമ പ്രകാരമല്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.ന | പ്രൊജക്ട്/ വൗച്ചർ നമ്പർ-മൂല്യ നിർണ്ണയ തുക | കൺവീനർ | ടാക്സ് ഇനത്തിൽ നൽകിയ തുക |
|---|---|---|---|
| 1 | ഇടവണ്ണ അങ്കണവാടിക്ക് ഷീറ്റ് ഇടൽ (211/21) Vr No. 60/20.04.2020 Rs. 209263/- | ശ്രീമതി. റീന ജോസ് | 25111/- |
| 2 | കോണമുണ്ട സ്കൂൾ പെയിന്റിംഗും ആർട്ട് വർക്കും (200/21) Vr No. 65/20.04.2020 Rs. 133829/- | ശ്രീ. മെഹബൂബ് | 16059/- |
| 3 | പാണപ്പൊയിൽ ബദൽ സ്കൂൾ റിപ്പയർ (215/21) Vr No. 84/20.04.2020 Rs. 133928/- | ശ്രീമതി. പുഷ്പലത | 16071/- |
| 4 | ഇടിവെണ്ണ സ്കൂൾ മെയിന്റനൻസ് (194/21) Vr No. 109/20.04.2020 Rs. 193687/- | ശ്രീ. മെഹബൂബ് | 23242/- |
| 5 | ആനപ്പാറ അങ്കണവാടിക്ക് ഷീറ്റിടലും സ്റ്റയറും (216/21) Vr No. 48/18.06.2020 Rs. 177748/- | ശ്രീമതി. സെക്കീന | 21329/- |
| 6 | മൈലാടി അംഗണവാടി അറ്റകുറ്റപ്പണികൾ (230/21) Vr No. 53/14.07.2020 Rs. 120360/- | ശ്രീമതി. ലൈസമ്മ മാത്യു | 14443/- |
| 7 | ശിവാന്ദൻപടി നടപ്പാത – കലിങ്ക് നിർമ്മാണം (248/21) Vr No. 62/25.08.2020 Rs. 43495/- | ശ്രീ. അബ്ദുൽ റഹീദ് | 5219/- |
| 8 | വാളംതോട് സ്കൂൾ- പെയിന്റിംഗും ആർട്ട് വർക്കും (199/21) Vr No. 68/16.09.2020 Rs. 133225/- | ശ്രീ. പ്രേമരാജൻ കെ.ആർ | 15987/- |
| 9 | ചെട്ടിയംപാറ എസ്.സി കോളനി കുടിവെള്ള പദ്ധതി (268/21) Vr No. 76/29.09.2020 Rs. 43659/- | ശ്രീ. സുബ്രമണ്യൻ | 5239/- |
| 10 | മുട്ടിയേങ്ങൾ അങ്കണവാടി കെട്ടിട പൂർത്തീകരണം (218/21) Vr No. 77/30.09.2020 Rs. 168978/- | ശ്രീമതി. റഹ്മത്ത് | 20277/- |
| 11 | ദുരിത നിവാരണം- അത്തിക്കോട് എസ്.സി കോളനി കുടിവെള്ള പദ്ധതി (259/21), Vr No. 141/26.03.2021 Rs. 44400/- | ശ്രീ. സുഭാഷ് കെ | 5328/- |
| 12 | പാണപ്പെയിൽ അങ്കണവാടി നവീകരണം (280/21) Vr No. 148/30.03.2021 Rs. 176947/- | ശ്രീമതി. ചിത്ര | 21233/- |
| 13 | പ്രളയ ദുരിതാശ്വാസ ക്യാമ്പ്- പെരുമ്പത്തൂർ ജി.എൽ.പി.എസിൽ അധിക ടോയിലറ്റ് നിർമ്മാണം (270/21), Vr No. 220001200/31.03.2021 Rs. 78623/- | ശ്രീ. അബ്ദുൽ വഹാബ് | 9434/- |

ജി.എസ്.ടി ഇനത്തിൽ ഗുണഭോക്തൃ സമിതി കൺവീനർമാർക്ക് അനുവദിച്ച് നൽകിയ തുക തിരികെ ഈടാക്കി സെക്ഷൻ 9(3), (4) എന്നിവ പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥൻ സർക്കാറിലേക്ക് നേരിട്ട് അടവാക്കേണ്ടതാണ്.

[മേൽ വിവരം ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (16/2020-21/21.02.2022) മറുപടി ലഭ്യമാക്കിയിട്ടില്ല]

## 1-14 ഓവർ ഹെഡ് ചാർജ് ഇനത്തിൽ കൺവീനർക്ക് അധികം തുക നൽകി.

ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പാക്കുന്ന മരാമത്ത് പ്രവൃത്തികളിൽ, GST നിലവിൽ വന്നശേഷം വാറ്റ് അടക്കേണ്ടാത്തതിനാൽ ഗുണഭോക്തൃ സമിതികൾക്ക് ബിൽ നൽകുമ്പോൾ എസ്റ്റിമേറ്റിൽ ഓവർഹെഡ് ചാർജ്ജ് ഇനത്തിൽ 7.5 % അനുവദിച്ച പ്രവൃത്തികളിൽ, 5% കുറവ് ചെയ്ത് ബിൽ നൽകേണ്ടതാണെന്ന് എൽ.എസ്.ജി.ഡി ചീഫ് എഞ്ചിനിയറുടെ 16.03.2018 തിയ്യതിയിലെ ഡി.ബി3-9058/17/സി.ഇ/ത.സ്വ.ഭ.വ നമ്പർ കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ ജി.എസ്.ടി അടവാക്കുന്നതിനുള്ള 12% തുക മൂല്യ നിർണ്ണയതുകയോട് കൂട്ടി നൽകുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ ഓവർഹെഡ് ചാർജ്ജിൽ നിന്നും 5% കുറവ് ചെയ്താണ് ബിൽ നൽകേണ്ടിയിരുന്നത്.

എന്നാൽ താഴെ ചേർത്തിട്ടുള്ള പ്രവൃത്തിയുടെ ബിൽ തുക കൺവീനർക്ക് നൽകിയപ്പോൾ വാറ്റ് അടവാക്കുന്നതിനുള്ള 5% കുറവ് വരുത്താതെ ആയത് കൂടി അനുവദിച്ച് നൽകുകയാണ് ചെയ്തിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. വാളംതോട് പെയിന്റിംഗ് & ആർട്ട് വർക്ക് (199/21)

| | |
|---|---|
| അടങ്കൽ/ ചെലവ് | 149212/149212[MG-NR] |
| ടി എസ് | LSGD/TS/2019-20/89429/ (CI 31.06%) |
| കരാർ | 47/2019-20/10.12.2019 |
| എം ബുക്ക് | 208/2019-20 |
| കൺവീനർ | KR Premarajan |
| വൗച്ചർ | 68/20.04.2020 |
| മൂല്യനിർണ്ണയം | 149212 |
| കൺവീനർക്ക് അധികം നൽകിയ തുക | 6940/- [Ie, 149212*5/107.5] |

മേൽ പ്രവൃത്തിയിൽ ഓവർഹെഡ് ചാർജ്ജിനത്തിൽ ഗുണഭോകൃത സമിതി കൺവീനർക്ക് അധികമായി നൽകിയ 6940/- രൂപ ഉത്തരവാദികളായവരിൽ നിന്നും ഈടാക്കി തിരിച്ചടക്കേണ്ടതാണ്.

2. കോണമുണ്ട സ്കൂൾ പെയ്ന്റിംഗ് & ആർട്ട് വർക്ക് (200/21)

| | |
|---|---|
| അടങ്കൽ/ ചെലവ് | 150000/149889 [MG (NR)] |
| ടി എസ് | LSGD/TS/2019-20/78779/(CI 31.06%) |
| കരാർ | 48/2019-20/10.12.2019 |
| എം ബുക്ക് | 209/2019-20 |
| കൺവീനർ | Mehboob Uzhannan |
| വൗച്ചർ | 65/20.04.2020 |
| മൂല്യനിർണ്ണയം | 149889 |
| കൺവീനർക്ക് അധികം നൽകിയ തുക | 6972/- [Ie, 149889*5/107.5] |

ഓവർഹെഡ് ചാർജ്ജിനത്തിൽ ഗുണഭോകൃത സമിതി കൺവീനർക്ക് അധികമായി നൽകിയ 6972/- രൂപ ഉത്തരവാദികളായവരിൽ നിന്നും ഈടാക്കി തിരിച്ചടക്കേണ്ടതാണ്.

3. മൈലാടി അങ്കണവാടി അറ്റകുറ്റപണികൾ (230/21)

| | |
|---|---|
| അടങ്കൽ/ ചെലവ് | 185459/134804 [CFC] |
| ടി എസ് | LSGD/TS/2019-20/94320 (CI 31.06%) |
| കരാർ | 69/2019-20/30.01.2020 |
| എം ബുക്ക് | 268/2019-20 |
| കൺവീനർ | Laisamma Mathew |
| വൗച്ചർ | 105/12.11.2020 |
| മൂല്യനിർണ്ണയം | 134803 |
| കൺവീനർക്ക് അധികം നൽകിയ തുക | 6270/- [Ie, 134803*5/107.5] |

ഓവർഹെഡ് ചാർജ്ജിനത്തിൽ ഗുണഭോകൃത സമിതി കൺവീനർക്ക് അധികമായി നൽകിയ 6270/- രൂപ ഉത്തരവാദികളായവരിൽ നിന്നും ഈടാക്കി തിരിച്ചടക്കേണ്ടതാണ്.

4. പൊരുമ്പത്തൂർ സ്കൂളിൽ അധിക ടോയിലറ്റ് നിർമ്മാണം (270/21)

| | |
|---|---|
| അടങ്കൽ/ ചെലവ് | 400000/88058 [CFC] |
| ടി എസ് | LSGD/TS/2020-21/79829 (CI 31.06%) |
| കരാർ | 101/2020-21/15.01.2021 |
| എം ബുക്ക് | 122/2020-21 |
| കൺവീനർ | Abdul Vahid |
| വൗച്ചർ | 220001200/ 31.03.2021 |
| മൂല്യനിർണ്ണയം | 88058 |
| കൺവീനർക്ക് അധികം നൽകിയ തുക | 4096/- [Ie, 88058*5/107.5] |

ഓവർഹെഡ് ചാർജ്ജിനത്തിൽ ഗുണഭോകൃത സമിതി കൺവീനർക്ക് അധികമായി നൽകിയ 4096/- രൂപ ഉത്തരവാദികളായവരിൽ നിന്നും ഈടാക്കി തിരിച്ചടക്കേണ്ടതാണ്.

5. പൊരുവമ്പാടം അങ്കണവാടിക്ക് കെട്ടിട നിർമ്മാണം (210/21)

| | |
|---|---|
| അടങ്കൽ/ ചെലവ് | 1200000/1197978 [CFC] |
| ടി എസ് | LSGD/TS/2019-20/93413 (Cl 31.06%) |
| കരാർ | 55/2019-20/20.01.2020 |
| എം ബുക്ക് | 256/2019-20 |
| കൺവീനർ | Reji Mole |
| വൗച്ചർ | 139/ 26.03.2021 |
| മൂല്യനിർണ്ണയം | 1197978 |
| കൺവീനർക്ക് അധികം നൽകിയ തുക | 55720/- [le, 1197978*5/107.5] |

ഓവർഹെഡ് ചാർജ്ജിനത്തിൽ ഗുണഭോക്തൃ സമിതി കൺവീനർക്ക് അധികമായി നൽകിയ 55720/- രൂപ ഉത്തരവാദികളായവരിൽ നിന്നും ഈടാക്കി തിരിച്ചടക്കേണ്ടതാണ്.

6. ഇടവണ്ണ അങ്കണവാടിക്ക് ഷീറ്റ് ഇടൽ (211/21)

| | |
|---|---|
| അടങ്കൽ/ ചെലവ് | 234375/234375 [MG-NR] |
| ടി എസ് | LSGD/TS/2019-20/70811 (Cl 31.06%) |
| കരാർ | 41/2019-20/01.11.2019 |
| എം ബുക്ക് | 41/2019-20 |
| കൺവീനർ | Reena Jose |
| വൗച്ചർ | 60/20.04.2020 |
| മൂല്യനിർണ്ണയം | 234375 |
| കൺവീനർക്ക് അധികം നൽകിയ തുക | 10901/- [le, 234375*5/107.5] |

ഓവർഹെഡ് ചാർജ്ജിനത്തിൽ ഗുണഭോക്തൃ സമിതി കൺവീനർക്ക് അധികമായി നൽകിയ 10901/- രൂപ ഉത്തരവാദികളായവരിൽ നിന്നും ഈടാക്കി തിരിച്ചടക്കേണ്ടതാണ്.

7. പാണപ്പൊയിൽ ബദൽ സ്കൂൾ റിപ്പയർ (215/21)

| | |
|---|---|
| അടങ്കൽ/ ചെലവ് | 150000/150000 [CFC] |
| ടി എസ് | LSGD/TS/2019-20/35174 (Cl 31.06%) |
| കരാർ | 44/2019-20/01.11.2019 |
| എം ബുക്ക് | 265/2019-20 |
| കൺവീനർ | Pushppalatha |
| വൗച്ചർ | 84/20.04.2020 |
| മൂല്യനിർണ്ണയം | 150000 |
| കൺവീനർക്ക് അധികം നൽകിയ തുക | 6977/- [le, 150000*5/107.5] |

ഓവർഹെഡ് ചാർജ്ജിനത്തിൽ ഗുണഭോക്തൃ സമിതി കൺവീനർക്ക് അധികമായി നൽകിയ 6977/- രൂപ ഉത്തരവാദികളായവരിൽ നിന്നും ഈടാക്കി തിരിച്ചടക്കേണ്ടതാണ്.

8. ആനപ്പാറ അങ്കണവാടിക്ക് ഷീറ്റിടലും സ്റ്റയറും (216/21)

| | |
|---|---|
| അടങ്കൽ/ ചെലവ് | 200000/199078 [CFC] |
| ടി എസ് | LSGD/TS/2019-20/93252 (Cl 31.06%) |
| കരാർ | 52/2019-20/01.11.2019 |
| എം ബുക്ക് | 234/2019-20 |
| കൺവീനർ | Sakkena |
| വൗച്ചർ | 48/18.06.2020 |
| മൂല്യനിർണ്ണയം | 199078 |
| കൺവീനർക്ക് അധികം നൽകിയ തുക | 9259/- [le, 199078*5/107.5] |

ഓവർഹെഡ് ചാർജ്ജിനത്തിൽ ഗുണഭോക്തൃ സമിതി കൺവീനർക്ക് അധികമായി നൽകിയ 9259/- രൂപ ഉത്തരവാദികളായവരിൽ നിന്നും ഈടാക്കി തിരിച്ചടക്കേണ്ടതാണ്.

9. മൈലാടി സ്കൂൽ പെയിന്റിംഗും കട്ടപതിക്കലും (195/21)

| | |
|---|---|
| അടങ്കൽ/ ചെലവ് | 300000/298565 [MG- NR] |
| ടി എസ് | LSGD/TS/2019-20/38247 (CI 31.06%) |
| കരാർ | 45/2019-20/01.11.2019 |
| എം ബുക്ക് | 259/2019-20 |
| കൺവീനർ | Murali C |
| വൗച്ചർ | 49/18.06.2020 |
| മൂല്യനിർണ്ണയം | 298565 |
| കൺവീനർക്ക് അധികം നൽകിയ തുക | 13887/- [le, 298565*5/107.5] |

ഓവർഹെഡ് ചാർജ്ജിനത്തിൽ ഗുണഭോക്തൃ സമിതി കൺവീനർക്ക് അധികമായി നൽകിയ 13887/- രൂപ ഉത്തരവാദികളായവരിൽ നിന്നും ഈടാക്കി തിരിച്ചടക്കേണ്ടതാണ്.

10. ഇടവണ്ണ സ്കൂൾ മെയിന്റനൻസ് (194/21)

| | |
|---|---|
| അടങ്കൽ/ ചെലവ് | 250000/216931 [MG- NR] |
| ടി എസ് | LSGD/TS/2019-20/80638 (CI 31.06%) |
| കരാർ | 98/2019-20/24.02.2020 |
| എം ബുക്ക് | 258/2019-20 |
| കൺവീനർ | Sherly P |
| വൗച്ചർ | 109/20.04.2020 |
| മൂല്യനിർണ്ണയം | 216931 |
| കൺവീനർക്ക് അധികം നൽകിയ തുക | 10090/- [le, 216931*5/107.5] |

ഓവർഹെഡ് ചാർജ്ജിനത്തിൽ ഗുണഭോക്തൃ സമിതി കൺവീനർക്ക് അധികമായി നൽകിയ 10090/- രൂപ ഉത്തരവാദികളായവരിൽ നിന്നും ഈടാക്കി തിരിച്ചടക്കേണ്ടതാണ്.

11. മുട്ടിയേൽ അങ്കണവാടി കെട്ടിട പൂർത്തീകരണം (218/21)

| | |
|---|---|
| അടങ്കൽ/ ചെലവ് | 190000/189256 [MG-NR] |
| ടി എസ് | LSGD/TS/2019-20/94321 (CI 31.06%) |
| കരാർ | 54/2019-20/06.01.2020 |
| എം ബുക്ക് | 241/2019-20 |
| കൺവീനർ | Rahmath |
| വൗച്ചർ | 77/30.09.2020 |
| മൂല്യനിർണ്ണയം | 189256 |
| കൺവീനർക്ക് അധികം നൽകിയ തുക | 8803/- [le, 189256*5/107.5] |

മേൽ പ്രവൃത്തിയിൽ ഓവർഹെഡ് ചാർജ്ജിനത്തിൽ ഗുണഭോക്തൃ സമിതി കൺവീനർക്ക് അധികമായി നൽകിയ 8803/- രൂപ ഉത്തരവാദികളായവരിൽ നിന്നും ഈടാക്കി തിരിച്ചടക്കേണ്ടതാണ്.

12. പാണപ്പൊയിൽ അങ്കണവാടി നവീകരണം (280/21)

| | |
|---|---|
| അടങ്കൽ/ ചെലവ് | 350000/198181 [CFC] |
| ടി എസ് | LSGD/TS/2019-20/35178 (CI 31.06%) |
| കരാർ | 77A/2019-20/04.02.2020 |
| എം ബുക്ക് | 120/2019-20 |
| കൺവീനർ | Chittra |
| വൗച്ചർ | 148/30.03.2021 |
| മൂല്യനിർണ്ണയം | 198181 |
| കൺവീനർക്ക് അധികം നൽകിയ തുക | 9218/- [le, 198181*5/107.5] |

മേൽ പ്രവൃത്തിയിൽ ഓവർഹെഡ് ചാർജ്ജിനത്തിൽ ഗുണഭോക്തൃ സമിതി കൺവീനർക്ക് അധികമായി നൽകിയ 9218/- രൂപ ഉത്തരവാദികളായവരിൽ നിന്നും ഈടാക്കി തിരിച്ചടക്കേണ്ടതാണ്.

13. പെരുമ്പത്തൂർ ജി എൽ പി എസ് ടോയിലറ്റ് നിർമ്മാണം (247/21)

| | |
|---|---|
| അടങ്കൽ/ ചെലവ് | 600000/583945 [CFC + Own Fund] |
| ടി എസ് | LSGD/TS/2019-20/94324 (Cl 31.06%) |
| കരാർ | 101/2019-20/30.12.2019 |
| എം ബുക്ക് | 20/2020-21 |
| കൺവീനർ | Moly K Androos |
| വൗച്ചർ | 220001148/30.03.2021 |
| മൂല്യനിർണ്ണയം | 583945 |
| കൺവീനർക്ക് അധികം നൽകിയ തുക | 27160/- [le, 583945*5/107.5] |

മേൽ പ്രവൃത്തിയിൽ ഓവർഹെഡ് ചാർജ്ജിനത്തിൽ ഉണഭോക്യത സമിതി കൺവീനർക്ക് അധികമായി നൽകിയ 27160/- രൂപ ഉത്തരവാദികളായവരിൽ നിന്നും ഈടാക്കി തിരിച്ചടക്കേണ്ടതാണ്. കൂടാതെ 1 മുതൽ 13 കൂടിയ പ്രവൃത്തികളിൽ ജി.എസ്.ടി., ക്ഷേമനിധി വിഹിതം എന്നിവയിൽ അടവാക്കിയിട്ടുള്ള അധിക തുക ( ആയതിന്റെ 5%) ക്രമീകരിക്കേണ്ടതാണ്.

[മേൽ വിവരം ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (05/2020-21/14.02.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ഖണ്ഡിക 3-2കൂടി കാണുക].

## 1-15 ഒബ്സേർവ്ഡ് ഡാറ്റ – നിരക്ക് കണക്കാക്കിയതിൽ അപാകത- അധിക തുക നൽകി

വിവിധ മരാമത്ത് പ്രവൃത്തികളുടെ ഭാഗമായി ഷീറ്റ് റൂഫിങ് പ്രവൃത്തി ചെയ്യതിന് 0.35 Mm GI/അലൂമിനിയം പ്രൊഫൈൽ ഷീറ്റിന് DSR പ്രകാരമുള്ള നിരക്ക് ഇല്ലാത്തതിനാൽ ഒബ്സേർവ്ഡ് ഡാറ്റ തയ്യാറാക്കി എസ്റ്റിമേറ്റിൽ ഉൾപെടുത്തി ആയത് പ്രകാരമുള്ള നിരക്ക് മൂല്യ നിർണ്ണയം നടത്തുകയാണ് ചെയ്തിട്ടുള്ളത്. റൂഫിംഗിനായി ഒബ്സേർവ്ഡ് ഡാറ്റ തയ്യാറാക്കിയതിൽ ചുവടെ ചേർത്തിട്ടുള്ള അപാകതകൾ മൂലം അധികച്ചെലവ് ഉണ്ടായിട്ടുണ്ട്.

കെട്ടിട നിർമ്മാണ പ്രവൃത്തികൾക്ക് DSR പ്രകാരമുള്ള നിരക്കാണ് അനുവദിച്ച് നൽകേണ്ടത്. DSR-ൽ അനുയോജ്യമായ ഡാറ്റ ഇല്ലാത്തത് മൂലമാണ് ഒബ്സേർവ്ഡ് ഡാറ്റ തയ്യാറാക്കേണ്ടതായി വന്നിട്ടുള്ളത്. ഷീറ്റ് റൂഫിംഗ് പ്രവൃത്തികൾക്ക് DSR-ൽ 0.50 Mm കനം മുതലുള്ള ഷീറ്റ് റൂഫിംഗ് പ്രവൃത്തികൾക്കാണ് നിരക്ക് ഉൾക്കൊള്ളിച്ചിട്ടുള്ളത് . അതിനാലാണ് കുറവ് കനമുള്ള 0.35 Mm ഷീറ്റ് പ്രവൃത്തിക്ക് ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കേണ്ടിവന്നിട്ടുള്ളത്. 0.50 Mm കനമുള്ള ഷീറ്റ് റൂഫിംഗിന് ആവശ്യമായ ഡാറ്റയിൽ നിന്നും 0.35 Mm കനമുള്ള ഷീറ്റ് റൂഫിംഗിനുള്ള ഡാറ്റയിൽ, ഇവിടെ ഉപയോഗിക്കുന്ന ഷീറ്റിന്റെ കനത്തിൽ മാത്രമെ മാറ്റം വരുന്നുള്ളൂ. ആയതിനാൽ ഒബ്സേർവ്ഡ് ഡാറ്റ തയ്യാറാക്കുമ്പോൾ പ്രസ്തുത ഷീറ്റിന്റെ വില മാത്രമെ മാർക്കറ്റ് നിരക്കിൽ കണക്കാക്കേണ്ടതുള്ളൂ. മേയുന്നതിനുള്ള കൂലി ഉൾപ്പെടെ മറ്റെല്ലാ ഇനങ്ങളും DSR -ൽ അനുവദിച്ചിട്ടുള്ള അളവിലും നിരക്കിലുമാണ് നൽകേണ്ടത്.

എന്നാൽ പഞ്ചായത്തിൽ ഉപയോഗിച്ച Obderved Data യിൽ സാധനങ്ങൾ, ലേബർ എന്നിവക്ക് DSR നിരക്കിനേക്കാൾ കൂടിയ നിരക്കും, കൂടിയ അളവ്/എണ്ണവുമാണ് നൽകിയിട്ടുള്ളത്. ആയതിനാൽ അധിക ചെലവ് ഉണ്ടായിട്ടുണ്ട്.

0.35 Mm ഷീറ്റ് പ്രവൃത്തിക്ക് DSR ഇനം 12.50 മായി താരതമ്യം ചെയ്യതിൽ മേൽ പ്രവൃത്തിക്ക് അനുവദിക്കാവുന്ന നിരക്ക് ചുവടെ ചേർക്കുന്നു. [പഞ്ചായത്തിൽ ഉപയോഗിച്ച Obderved Data യിൽ നൽകിയ ഷീറ്റ് വില തന്നെയാണ് പരിഗണിച്ചിട്ടുള്ളത്].

| Code | Description | Unit | Quantity | Rate | Amount |
|---|---|---|---|---|---|
| MR | GI Aluminium Powder Coated Profile Sheet 0.35mm | Sqm | 233.650 | 300.00 | 70095.00 |
| 1023 | Galvanized Steel J Or L Hooks 8 Mm Dia | 10 Nos | 476.000 | 115.00 | 5474.00 |
| 1208 | Bitumen Washer | 100 Nos | 476.000 | 30.00 | 142.80 |
| 1209 | GI Plain Washer Thick | 100 Nos | 476.000 | 35.00 | 166.00 |
| 9977 | Carriage Of Bolts,nuts,washers | LS | 8.0600 | 1.73 | 13.94 |
| 9977 | Carriage Of Sheets | LS | 104.00 | 1.73 | 179.92 |
| 9999 | Sundreis Labour | LS | 39.5200 | 1.73 | 68.37 |
| 0130 | Mistry | Day | 2.34 | 487.00 | 1139.58 |
| 0112 | Carpenter 2nd Class | Day | 9.34 | 448.00 | 4184.32 |
| 0114 | Beldar | Day | 9.34 | 368.00 | 3437.12 |
| Total | | | | | 84901.05 |
| Cost For 216.14sqm | | | | | 84901.05 |
| Cost For 1 Sqm | | | | | 392.81 |
| Add Water Charge1% | | | | | 3.92 |
| Total | | | | | 396.73 |

| | |
|---|---|
| Add CPOH 15% | 59.51 |
| Cost Index 31.06% (Excluding MR) | 30.04 |
| Total | 486.28 |

- കൺവീനർ പ്രവൃത്തികൾക്ക് നൽകാവുന്ന നിരക്ക് - 456.53/$m^2$
- കരാറുകാർ മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികൾക്ക് നൽകാവുന്ന നിരക്ക് - 486.28/$m^2$

മേൽ പ്രവൃത്തിക്ക് തെറ്റായ Observed Data തയ്യാറാക്കി മൂല്യ നിർണ്ണയം നടത്തിയത് മൂലമുള്ള അധിക ചെലവിന്റെ വിവരം ചുവടെ ചേർക്കുന്നു.

## 1-15-1 അങ്കണവാടികൾക്ക് ഷീറ്റ് ഇടൽ

| ക്രമ | പ്രവൃത്തിയുടെ വിവരം | ഉപയോഗിച്ച ഷീറ്റിന്റെ അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|---|
| 1 | പ്രൊജക്ട്: ഇടവണ്ണ അങ്കണവാടിക്ക് ഷീറ്റ് ഇടൽ (211/21)<br>TS No: LSGD/TS/2019-20/70811 (CI 31.06%)<br>Agri.No: 41/2019-20/01.11.2019<br>M.Book No: 41/2019-20<br>ചെലവ്: 234375/234375 [MG-NR]<br>Vr.No: 60/20.04.2020<br>കൺവീനർ: Reena Jose | 135.24 $M^2$ | 86063/-<br>(@568.19 /$M^2$ + 12% GST) | 69150/-<br>(456.53@/$m^2$ + 12% GST) | 16913/- |
| 2 | പ്രൊജക്ട്: ആനപ്പാറ അങ്കണവാടിക്ക് ഷീറ്റിടലും സ്റ്റയറും (216/21)<br>TS No: LSGD/TS/2019-20/93252 (CI 31.06%)<br>Agri.No: 52/2019-20/01.11.2019<br>M.Book No: 234/2019-20<br>ചെലവ്: 200000/199078 [CFC]<br>Vr.No: 48/18.06.2020<br>കൺവീനർ: Sakkena | 94.60 $M^2$ | 60201/-<br>(@568.19 /$M^2$ + 12% GST) | 48370/-<br>(456.53@/$m^2$ + 12% GST) | 11831/- |

## 1-15-2 സ്കൂൾ മെയിന്റനൻസ് പ്രവൃത്തികൾ

| ക്രമ | പ്രവൃത്തിയുടെ വിവരം | ഉപയോഗിച്ച ഷീറ്റിന്റെ അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|---|
| 1 | പ്രൊജക്ട്: ഇടവണ്ണ സ്കൂൾ മെയിന്റനൻസ് (194/21)<br>TS No: LSGD/TS/2019-20/80638 (CI 31.06%)<br>Agri.No: 98/2019-20/24.02.2020<br>M.Book No: 258/2019-20<br>ചെലവ്: 250000/216931 [MG- NR]<br>Vr.No: 109/20.04.2020<br>കൺവീനർ: Sherly P | 128.99 $M^2$ | 82086/-<br>(@568.19 /$M^2$ + 12% GST) | 65954/-<br>(456.53@/$m^2$ + 12% GST) | 16132/- |

| | | | | | |
|---|---|---|---|---|---|
| 2 | പ്രൊജക്റ്: പൊരുമ്പത്തൂർ ജി.എൽ.പി.എസ് റിപ്പയർ (245/21)<br>TS No: LSGD/TS/2019-20/94319(CI 31.06%)<br>Agri.No: 102/2019-20/30.12.2019<br>M.Book No: 25/2020-21<br>ചെലവ്: 318300/313334 [CFC + MG-NR]<br>Vr.No: 51/20.04.2021 | 205.19 $M^2$ | 139687/-<br>(@607.83 /$M^2$ + 12% GST) | 111753/-<br>(486.28@/$m^2$ + 12% GST) | 27934/- |

Obderved Data തയ്യാറാക്കിയതിലെ അപാകത മൂലം കൺവീനർ/ കരാറുകാർക്ക് അധികം നൽകിയ തുക ഈടാക്കേണ്ടതാണ്.

[മേൽ വിവരം ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/2020-21/19.02.2022) മറുപടി ലഭ്യമാക്കിയിട്ടില്ല]

## 1-16 സിംഗിൾ സെക്ഷൻ വർക്കിന് ട്രസ്സ് വർക്കിന്റെ നിരക്ക് അനുവദിച്ചു- അധികച്ചെലവ്.

സിംഗിൾ സെക്ഷൻ വർക്കിന് ട്രസ്സ് വർക്കിന്റെ നിരക്ക് അനുവദിച്ചത് മൂലം ചുവടെ ചേർത്തിട്ടുള്ള പ്രൊജക്റ്റുകളിൽ ചുവടെ ചേർക്കും പ്രകാരം അധികച്ചെലവ് ഉണ്ടായിട്ടുണ്ട്. [ഖണ്ഡിക 3-3 കൂടി കാണുക]

### 1-16-1 ഇടിവണ്ണ അങ്കണവാടിക്ക് ഷീറ്റ് ഇടൽ (211/21)

അങ്കണവാടി കോൺക്രീറ്റ് മേൽക്കൂരക്ക് മുകളിൽ ഷീറ്റ് വിരിക്കുന്നതിനായി എസ്റ്റിമേറ്റിലെ ഇനം 1 ആയി 622.75 കി.ഗ്രാം സ്റ്റീൽ വർക്ക് ചെയ്തിട്ടുണ്ട്. ഇതിന് അപ്രൂവ്ഡ് ഒബ്സെർവ്ഡ് ഡാറ്റ 50.10.1 പ്രകാരം ട്രസ് വർക്ക് പ്രവൃത്തികളുള്ള 122.70/kg എന്ന നിരക്കാണ് അനുവദിച്ചിട്ടുള്ളത്. എന്നാൽ 16.02.2022 ന് ഓവർസിയറുടെ സാന്നിധ്യത്തിൽ നടത്തിയ സ്ഥല പരിശോധനയിലും, അളവ് പുസ്തകം പരിശോധിച്ചതിലും പ്രസ്തുത പ്രവൃത്തി പർലിൻ/സിംഗിൾ സെക്ഷൻ വർക്ക് ആണ് ചെയ്തിട്ടുള്ളത് എന്ന് ബോധ്യപ്പെട്ടു. സിംഗിൾ സെക്ഷൻ വർക്കുകൾക്ക് അനുവദിക്കാവുന്ന നിരക്ക് അപ്രൂവ്ഡ് ഒബ്സെർവ്ഡ് ഡാറ്റ 50.10.2 പ്രകാരമുള്ള 99.91/kg നിരക്കാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| അടങ്കൽ/ ചെലവ് | 234375/234375 [MG-NR] |
| ടി എസ് | LSGD/TS/2019-20/70811 (CI 31.06%) |
| കരാർ | 41/2019-20/01.11.2019(കൺവീനർ വർക്ക്) |
| എം ബുക്ക് | 41/2019-20 |
| കൺവീനർ | Reena Jose |
| വൗച്ചർ | 60/20.04.2020 |
| മൂല്യനിർണ്ണയം | 234375 |
| നൽകിയ തുക | 76411/- (le 622.75 Kg X 122.70) |
| നൽകാവുന്ന തുക | 62219/- (le 622.75 Kg X 99.91) |
| അധികം നൽകിയ തുക | 15895/- [le, 14192+12% GST] |

അധികമായി നൽകിയ 15895/- രൂപ ഉത്തരവാദികളായവരിൽ നിന്നും ഈടാക്കി തിരിച്ചടക്കേണ്ടതാണ്.

### 1-16-2 പെരുമ്പത്തൂർ GLPS റിപ്പയർ (245/21)

സ്കൂളിന്റെ കോൺക്രീറ്റ് മേൽക്കൂരക്ക് മുകളിൽ ഷീറ്റ് വിരിക്കുന്നതിനായി എസ്റ്റിമേറ്റിലെ എക്സ്ട്രാ ഇനം 3 ആയി 800.55 കി.ഗ്രാം സ്റ്റീൽ വർക്ക് ചെയ്തിട്ടുണ്ട്. ഇതിന് അപ്രൂവ്ഡ് ഒബ്സെർവ്ഡ് ഡാറ്റ 50.10.1 പ്രകാരം ട്രസ് വർക്ക് പ്രവൃത്തികളുള്ള 131.26/kg എന്ന നിരക്കാണ് അനുവദിച്ചിട്ടുള്ളത്. എന്നാൽ 16.02.2022 ന് ഓവർസിയറുടെ സാന്നിധ്യത്തിൽ നടത്തിയ സ്ഥല പരിശോധനയിലും, അളവ് പുസ്തകം പരിശോധിച്ചതിലും പ്രസ്തുത പ്രവൃത്തി പർലിൻ/സിംഗിൾ സെക്ഷൻ വർക്ക് ആണ് ചെയ്തിട്ടുള്ളത് എന്ന് ബോധ്യപ്പെട്ടു. സിംഗിൾ സെക്ഷൻ വർക്കുകൾക്ക് അനുവദിക്കാവുന്ന നിരക്ക് അപ്രൂവ്ഡ് ഒബ്സെർവ്ഡ് ഡാറ്റ 50.10.2 പ്രകാരമുള്ള 106.88/kg നിരക്കാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| അടങ്കൽ/ ചെലവ് | 318459/313334 [CFC + MG-NR] |
| ടി എസ് | LSGD/TS/2019-20/94319 (CI 31.06%) |

| | |
|---|---|
| കരാർ | 102/2019-20/30.12.2019 |
| എം ബുക്ക് | 25/2020-21 |
| വൗച്ചർ | 51/20-04-2021 |
| മൂല്യനിർണ്ണയം | 313334 |
| നൽകിയ തുക | 105080/- (Ie 800.55 Kg X 131.26) |
| നൽകാവുന്ന തുക | 85563/- (Ie 800.55 Kg X 106.88) |
| അധികം നൽകിയ തുക | 21859/- [Ie, 19517+12% GST] |

അധികമായി നൽകിയ 21859/- രൂപ ഉത്തരവാദികളായവരിൽ നിന്നും ഈടാക്കി തിരിച്ചടക്കേണ്ടതാണ്.

[മേൽ വിവരം ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (07/2020-21/20.02.2022) മറുപടി ലഭ്യമാക്കിയിട്ടില്ല]

## 1-17 ഇ ടെണ്ടറിൽ ടെണ്ടർ ഫീ- ലഭ്യമാക്കിയില്ല.

2020-21 വർഷത്തിൽ പഞ്ചായത്തിൽ 69 പ്രവൃത്തികൾ ഇ- ടെണ്ടർ ചെയ്തിട്ടുണ്ട് . ഇ ടെണ്ടറുകളുടെ ടെണ്ടർ ഫീ ഇനത്തിൽ കരാറുകാർ അടവാക്കിയ 134583/- രൂപ മലപ്പുറം എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിൽ ആണ് സൂക്ഷിച്ചിട്ടുള്ളത്. മേൽതുകകൾ നാളിതുവരെ പഞ്ചായത്തിന് ലഭിച്ചിട്ടില്ല.

ഇ ടെണ്ടറിൽ ടെണ്ടർ ഫീ എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യുന്നത് ഒഴിവാക്കുന്നതിനായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ അക്കൗണ്ട് ഇല്ലാത്ത എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ഇ ടെണ്ടറിന്റെ ആവശ്യത്തിനായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ അക്കൗണ്ട് ഉടങ്ങാൻ അനുമതി നൽകി 02.10.2017 ലെ GO(Rt) 3186/2017/ LSGD നമ്പർ പ്രകാരം സർക്കാർ ഉത്തരവുള്ളതാണ്. ഇത്തരത്തിൽ അക്കൗണ്ട് ആരംഭിച്ച് ഇ ടെണ്ടർ ഫീ പഞ്ചായത്തിന്റെ അക്കൗണ്ടിൽ ലഭിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-18 കളക്ഷൻ ചാർജ്ജ് ഈടാക്കേണ്ടതാണ്.

മരാമത്ത് പ്രവൃത്തികളിൽ ആകെ മൂല്യ നിർണ്ണയ തുകയുടെ ഒരു ശതമാനം തുക പ്രവൃത്തിയുടെ ബില്ലിൽ നിന്നും ഈടാക്കി കേരള നിർമ്മാണ തൊഴിലാളി ക്ഷേമനിധിയിലേക്ക് അടവാക്കിവരുന്നുണ്ട്. 1996 ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേർസ് വെൽഫയർ സെസ്സ് ആക്ട് സെക്ഷൻ 3-3 പ്രകാരം ഇപ്രകാരം വസൂലാക്കി നൽകുന്ന തുകയുടെ ഒരു ശതമാനത്തിൽ കവിയാത്ത തുക കളക്ഷൻ ചാർജ്ജ് ഇനത്തിൽ പഞ്ചായത്തിന് ഈടാക്കാവുന്നതാണ്.

എന്നാൽ ഈ ഇനത്തിൽ പഞ്ചായത്ത് തുകയൊന്നും ഈടാക്കിയിട്ടില്ല. പഞ്ചായത്തിന് ലഭിക്കാൻ അർഹതയുള്ള കളക്ഷൻ ചാർജ്ജ് ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-19 ഓഡിറ്റ് പരാമർശം_ 6887/- രൂപ തിരിച്ചടവാക്കി

വെണ്ണേക്കോട് സ്കൂളിന് സ്റ്റെപ്പ് കെട്ടലും അനുബന്ധ പ്രവൃത്തികളും- എന്ന പ്രൊജക്റ്റിൽ എസ്റ്റിമേറ്റിലെ ഇനം 7 ആയി 431.41 കി.ഗ്രാം സ്റ്റീൽ ഉപയോഗിച്ച് ഹാൻഡ് റെയിൽ സ്ഥാപിച്ചിട്ടുണ്ട്. ആയതിന് E.R.W. Tubes കൊണ്ട് ചെയ്യുന്നതിനുള്ള നിരക്ക് ആണ് നൽകിയിരുന്നത്. ആയതിന് നൽകാവുന്നത് ജി.ഐ പൈപ്പ് പ്രകാരമുള്ള നിരക്കായിരുന്നു.

മേൽ വിഷയം ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് [8/18.02.2022] അധികം നൽകിയ 6887/- രൂപ 121040103816/ 18.02.2022 രശീതി പ്രകാരം തുക അടവാക്കിയതായി അറിയിച്ചിട്ടുണ്ട്. അടവ് വിവരം പരിശോധിച്ചു. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-20 മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം-പൊതുവായ അപാകതകൾ

അസിസ്റ്റന്റ് എഞ്ചിനിയർ 2020-21 ൽനടപ്പാക്കിയ പ്രൊജക്റ്റുകൾ പരിശോധിച്ചതിൽ പദ്ധതി രൂപീകരണം, പദ്ധതി നിർവ്വഹണം, മോണിറ്ററിംഗ് എന്നിവയിൽ ചുവടെ ചേർക്കുന്ന അപാകതകൾ ഉണ്ട്.

1. പ്രവൃത്തികൾ പൂർണ്ണമായി നടപ്പാക്കുന്നില്ല.

2020-21 വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ 189 പ്രൊജക്റ്റുകളാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്. ഇതിൽ 133 പ്രൊജക്റ്റുകളാണ് പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| ആകെ പദ്ധതി | 189 | ആകെ അടങ്കൽ | 43969108 |
| നടപ്പിലാക്കിയത് | 133 | ചെലവ് | 28678495 |
| നടപ്പിലാക്കാത്തത് | 55 | ചെലവ് ശതമാനം | 65 |

പ്രൊജക്റ്റുകൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയാത്തത് മൂലം സാമ്പത്തിക വർഷത്തിൽ ഉൽപ്പാദന, സേവന, പശ്ചാത്തല മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾക്ക് ഉപയോഗിക്കേണ്ട ഫണ്ടുകൾ നഷ്ടപ്പെടാൻ ഇടയായിട്ടുണ്ട്. പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. മേൽ വിഷയം പഞ്ചായത്ത് ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

2. റോഡ് കണക്റ്റിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയിട്ടില്ല.

പഞ്ചായത്തിന്റെ റോഡ് കണക്ടിവിറ്റി മാപ്പ്, റോഡ് കണക്ടിവിറ്റി പ്ലാൻ എന്നിവ തയ്യാറാക്കണമെന്ന് പദ്ധതി മാർഗ്ഗരേഖയിൽ നിർദേശിച്ചതാണ്. എന്നാൽ ഈ രേഖകൾ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

3. ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല.

പഞ്ചായത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കാൻ പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ആസ്തികളുടെ സമഗ്ര വികസനമാണ് ഇതു കൊണ്ട് ഉദ്ദേശിക്കുന്നത്. പഞ്ചായത്തിന്റെ പദ്ധതി പരിശോധിച്ചതിൽ സർക്കാർ നിർദ്ദേശിക്കും പ്രകാരമുള്ള ആസ്തി സംരക്ഷണ പദ്ധതി പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല എന്ന് വ്യക്തമായി.

മേൽ പരാമർശിച്ച പ്രശ്നങ്ങൾ സ്റ്റാന്റിംഗ് കമ്മിറ്റി, പഞ്ചായത്ത് ഭരണസമിതി, നിർവ്വഹണ ഉദ്യോഗസ്ഥൻ എന്നിവരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-21 എസ്.സി, എസ്.ടി വിദ്യാർത്ഥികൾക്കുള്ള ലാപ്ടോപ്പ് വിതരണത്തിന് ലഭ്യമായിട്ടില്ല.

ഹെഡ് മാസ്റ്റർ നിർവ്വഹണം നടത്തിയ ചുവടെ ചേർത്തിട്ടുള്ള പദ്ധതികൾ പ്രകാരം എസ്.സി, എസ്.ടി വിദ്യാർത്ഥികൾക്ക് നൽകുന്നതിനുള്ള ലാപ്ടോപ്പുകൾ വാങ്ങുന്നതിന് കേരള സ്റ്റേറ്റ് ഐടി മിഷനിൽ മുൻകൂറായി പണമടവാക്കിയെങ്കിലും, ഒരു വർഷമായിട്ടും ലാപ്പ് ടോപ്പുകൾ ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

## 1-21-1 പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം- സമഗ്ര വിദ്യാഭ്യാസ സഹായ പദ്ധതി (എസ്.സി.പി)

| | |
|---|---|
| അടങ്കൽ/ ചെലവ് | 300000/204840 [SCP] |
| വൗച്ചർ | 07/2020-21 / 25.03.2021(Rs.109840) |
| ഇൻവോയിസ് നമ്പർ | TVM/ITGB/P1/RC/25149/2020-21/19.03.2021 |

മേൽ ഇൻവോയിസ് പ്രകാരം നാല് ലാപ്പ് ടോപ്പുകൾ വാങ്ങുന്നതിന് 109840/- രൂപയാണ് [le, 4*27460] നൽകിയിട്ടുള്ളത്.

## 1-21-2 പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം- സമഗ്ര വിദ്യാഭ്യാസ സഹായ പദ്ധതി (ടി.എസ്..പി)

| | |
|---|---|
| അടങ്കൽ/ ചെലവ് | 60000/157380 [TSP] |
| വൗച്ചർ | 09/2020-21 /25.03.2021( (Rs.82380) |
| ഇൻവോയിസ് നമ്പർ | TVM/ITGB/P1/RC/251150/2020-21/19.03.2021 |

മേൽ ഇൻവോയിസ് പ്രകാരം മൂന്ന് ലാപ്പ് ടോപ്പുകൾ വാങ്ങുന്നതിന് 82380/- രൂപയാണ് [le, 3*27460] നൽകിയിട്ടുള്ളത്.

ലാപ്പ് ടോപ്പ് ലഭ്യമാക്കണമെന്ന് കാണിച്ച് നിർവ്വഹണ ഉദ്യോഗസ്ഥൻ കേരള സ്റ്റേറ്റ് ഐടി മിഷന് 19.11.2021, 13.12.2021 തിയ്യതികളിൽ കത്ത് നൽകിയതിൽ; വർക്ക് ഓഡർ നൽകാത്തത് മൂലമാണ് ലാപ്പ് ടോപ്പ് വിതരണം നൽകാത്തതെന്ന് അറിയിച്ചിട്ടുണ്ട്. കൂടാതെ ലാപ്പ് ടോപ്പിന് വില വർദ്ധിച്ചതായതായും, വില വ്യത്യാസം അടവാക്കി വർക്ക് ഓഡർ നൽകുകയോ, തുക തിരികെ ലഭ്യമാക്കുന്നതിന് കത്ത് നൽകുകയോ ചെയ്യണമെന്ന് അറിയിക്കുകയും ചെയ്തതായി നിർവ്വഹണ ഉദ്യോഗസ്ഥൻ

അറിയിച്ചിട്ടുണ്ട്.

മേൽ വിഷയം പഞ്ചായത്ത് ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതും, ഭരണ സമിതി തീരുമാനത്തിന് വിധേയമായി ലാപ്പ് ടോപ്പുകൾ ലഭ്യമാക്കുന്നതിനോ, മുൻകൂർ നൽകിയ പണം തിരികെ ലഭ്യമാക്കുന്നതിനോ നടപടി സ്വീകരിക്കേണ്ടതുമാണ്.

[മേൽ വിവരം ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (18/22.02.2022) മറുപടി ലഭ്യമാക്കിയിട്ടില്ല]

## 1-22 ആഡ്യൻപാറ നീർത്തട പദ്ധതി - തുക ചെലവഴിക്കാതെ അക്കൌണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 26/21 |
| അടങ്കൽ തുക | 1,00,000/- രൂപ |
| വിനിയോഗിച്ച തുക | 1,00,000/- രൂപ (വികസനഫണ്ട് - ജനറൽ) |
| ബിൽ നമ്പർ / തിയ്യതി | 10/2020-21 തിയ്യതി. 08.12.2020 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ. |

ആഡ്യൻപാറ നീർത്തട പദ്ധതിക്ക് വേണ്ടി ആഡ്യൻപാറ നീർത്തട പദ്ധതി ചെയർമാന്റേയും കൺവീനറുടേയും പേരിലുള്ള ജോയിന്റ് ടി.എസ്.ബി അക്കൌണ്ടിലേക്ക് (അക്കൌണ്ട് നമ്പർ.715071400000001, സബ്ട്രഷറി നിലമ്പൂർ) 08.12.2020 ന് 1,00,000/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ ഈ തുക ഓഡിറ്റ് തീയതി വരെ ചെലവഴിക്കാതെ അക്കൌണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. തുക ചെലവഴിക്കാത്തതിന്റെ കാരണം വിശദമാക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നമ്പർ : 09(2020-21)/18.02.2022)

## 1-23 സമഗ്ര നെൽകൃഷി വികസനം - പദ്ധതി നിർവ്വഹണത്തിലെ അപാകത.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 24/21 |
| അടങ്കൽ തുക | 63,97,552/- രൂപ |
| വിനിയോഗിച്ച തുക | 7,99,512/- രൂപ (വികസനഫണ്ട് - ജനറൽ) |
| | 7,29,896/- രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| | 5,06,194/- രൂപ (ബ്ലോക്ക് പഞ്ചായത്ത്) |
| ബിൽ നമ്പർ / തിയ്യതി | 10/2020-21 തിയ്യതി. 08.12.2020 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ. |

സമഗ്ര നെൽകൃഷി വികസനം എന്ന പദ്ധതിയുടെ ഭാഗമായി ബിൽ നമ്പർ.18/2020-21 തീയതി.08.03.2021 പ്രകാരം 1,20,000/- രൂപ വികസന ഫണ്ടിൽ നിന്നും ചെലവഴിച്ച് 4 മിനി റൈസ് മില്ലുകൾ വാങ്ങി അകമ്പാടം പാടശേഖര സമിതിക്ക് നൽകിയിട്ടുണ്ട്. 40,000/- രൂപ വിലയുള്ള റൈസ് മില്ലിന് 30,000/- രൂപയാണ് (75%) സബ്സിഡി അനുവദിച്ചിട്ടുള്ളത്. 2020-21 വർഷത്തേക്ക് ബാധകമായ സബ്സിഡി മാർഗ്ഗരേഖ (സ.ഉ(കൈ)നം.22/2018/തസ്വഭവ തീയതി.14.02.2018) ഖണ്ഡിക 6.1.8 പ്രകാരം പാടശേഖര സമിതികൾക്ക് വാങ്ങി നൽകാവുന്ന യന്ത്രങ്ങളിൽ മിനി റൈസ് മിൽ ഉൾപ്പെട്ടതായി കാണുന്നില്ല. സർക്കാരിൽ നിന്ന് പ്രത്യേകാനുമതി ലഭിച്ചതായും കാണുന്നില്ല. ഇപ്രകാരം മിനി റൈസ് മില്ല് വാങ്ങി നൽകുന്നതിന് ഉത്തരവ് ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല. സർക്കാർ അനുമതി ലഭിച്ചിട്ടുണ്ടെങ്കിൽ ആയത് ഹാജരാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 10/18-02-2022)

## 1-24 ഔഷധിയിൽ നിന്ന് മരുന്നുകൾ മുഴുവൻ ലഭിച്ചിട്ടില്ല.

പ്രൊജക്ട് നം. 32/21: വയോമിത്രം (ആയുർവേദം)

ബിൽ നം. 2/16-1-21 Rs. 3,00,000

നിർവഹണം: മെഡിക്കൽ ഓഫീസർ,ഗവ. ആയുർവേദ ആശുപത്രി,

മുകളിൽ കാണിച്ച പ്രൊജക്ടു പ്രകാരം മരുന്നുകൾ വാങ്ങുന്നതിനായി ഔഷധിക്ക് മുൻകൂർ തുക കൈമാറിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ മുഴുവൻ ലഭിച്ചിട്ടില്ല. ലഭിച്ച മരുന്നിന്റെ വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | ഇൻവോയ്സ് നം. | തുക |
|---|---|---|
| 1 | 90220932/17-8-21 | 1,31,615 |
| 2 | 90225763/27-9-21 | 51,365 |
| 3 | 9022990/29-10-21 | 49,942 |
| | ആകെ ലഭിച്ചത് | 2,32,922 |

| | | |
|---|---|---|
| | ബാക്കി | 67,078 |

ബാക്കി മരുന്നുകൾ ലഭിച്ചതിന്റെ വിവരം അറിയിക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം13/20-21 /19-2-2022 ന് മറുപടി ലഭിച്ചിട്ടില്ല. ബാക്കി മരുന്നുകൾ ലഭിച്ചതിന്റെ വിവരം അറിയിക്കേണ്ടതാണ്.

## 1-25 വ്യാപാര സ്ഥാപനങ്ങളിലെ തൊഴിലാളികളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നില്ല.

ഡി.ആന്റ് ഒ.രജിസ്റ്റർ പ്രകാരം 2020-21 വർഷത്തിൽ 278 ട്രേഡേഴ്സ് സ്ഥാപനങ്ങളുണ്ട്. അവയിൽ നിന്നും അർദ്ധ വാർഷിക വരുമാന പത്രിക അടിസ്ഥാനമാക്കാതെ , ലഭിക്കുന്ന സ്ഥാപന തൊഴിൽ നികുതി വരവിലെടുത്തിട്ടുണ്ട്. എന്നാൽ ഈ സ്ഥാപനങ്ങളിൽ നിന്ന് തൊഴിലാളികളുടെ/ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നതായി കാണുന്നില്ല. നല്ല തോതിൽ വ്യാപാരം നടക്കുന്ന പ്രമുഖ സ്ഥാപനങ്ങളിൽ നിന്ന് പോലും തൊഴിലാളികളുടെ/ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

കേരള സംസ്ഥാന തൊഴിൽ വകുപ്പ് പ്രസിദ്ധീകരിച്ച മിനിമം വേതന നിരക്ക് പ്രകാരം ഓഡിറ്റ് വർഷം വ്യാപാര സ്ഥാപനങ്ങളിലെയും ഷോപ്പുകളിലേയും ഏറ്റവും താഴെയുള്ള ഗ്രേഡ് -ഇ. ജീവനക്കാരന്റെ മിനിമം വേതനം പ്രതിമാസം 8280രൂപയായിരുന്നു. ആയത് പ്രകാരം ഒരു ജീവനക്കാരന്റെ അർദ്ധ വാർഷിക വരുമാനം (8280x6മാസം) (മറ്റ് നിയമാനുസൃത ആനുകൂല്യങ്ങളൊന്നും പരിഗണിക്കാതെ) 49680 രൂപയാണ്. ജീവനക്കാരന്റെ ഏറ്റവും കുറഞ്ഞ ഒരു അർദ്ധ വർഷത്തെ തൊഴിൽ നികുതി 450 രൂപ. ഒരു സ്ഥാപനത്തിൽ ഏറ്റവും ചുരുങ്ങിയത് ശരാശരി 2 ജീവനക്കാരെങ്കിലും തൊഴിലെടുക്കുന്നുവെന്ന് കരുതാവുന്നതാണ്. 278 സ്ഥാപനങ്ങളിലായി 556തൊഴിലാളികളിൽ നിന്ന് രണ്ട് അർദ്ധ വർഷങ്ങളിലായി (556x450x2) 500400/-രൂപ തൊഴിൽ നികുതി ഈടാക്കാൻ സാധിക്കുമെങ്കിലും ഇപ്രകാരം നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിന് യാതൊരു നടപടിയും സ്വീകരിച്ച കാണുന്നില്ല. ലൈസൻസ് അപേക്ഷയിൽ സ്ഥാപനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ എണ്ണം രേഖപ്പെടുത്തിയിട്ടുപോലും ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനം പ്രവർത്തിക്കുന്ന കെട്ടിടം | സ്ഥാപനത്തിന്റെ പേര് | ലൈസൻസിനായി സമർപ്പിച്ച അപേക്ഷ പ്രകാരം സ്ഥാപനത്തിലെ ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | 13/647 | ചാലിയാർ റൂറൽ കൺസ്യൂമർ സൂപ്പർ മാർക്കറ്റ് | 4 (80/20-21 |
| 2 | 9/388 B | പൂവാടി, പാവിംഗ് ടൈൽസ് | 4 (187/20-21) |
| 3 | 9/275A | മലബാർ ജനൽ ,കട്ടില നിർമ്മാണ യൂണിറ്റ് | 2 (194/20-21) |
| 4 | 13/688K | ചാലിയാർ പഞ്ചായത്ത് ജനകീയ ഹോട്ടൽ | 3 (205/20-21) |
| 5 | 13/198A | റോയൽ ടൈൽസ് & സാനിറ്ററീസ് | 3 (207/20-21) |
| 6 | 1/233D | അലുമിന ഇലക്ട്രോണിക്സ് | 3 (218/20-21) |
| 7 | 12/426A,B<br>7/33 A To E | എ.സി.എസ് ഹോസ്പിറ്റൽ | 6 (224/20-21) |
| 8 | 8/216 U V W | പൊന്തോൻസ് മിനി മാർക്ക് | 3 (225/20-21) |
| 9 | 12/368,369 | റൂട്ട്സ് & ഫുഡ് പ്രൊഡക്ട്സ് | 4 (227/20-21) |
| 10 | 1/86A | കമ്പർ ബിസിനസ് വെൻഞ്ച്വേഴ്സ് പ്രൈവറ്റ് ലിമിറ്റഡ്, പാക്കേജ്ഡ് ഡ്രിങ്കിംഗ് വാട്ടർ | 8 (173/20-21) |

| | | | |
|---|---|---|---|
| 11 | 13/682 P, Q, R, S, AI, AJ ,AK, AL | കെ.എൻ.എസ് സൂപ്പർ മാർക്കറ്റ് | 5(170/20-21) |
| 12 | 8/216B,C,D | ഫാബ്ലൈൻസ്, റെഡിമെയ്ഡ് | 5 (113/20-21) |
| 13 | 13/688 A,B,C,D,E | സ്പാനിഷ് ബേക്കറി | 4 (111/20-21) |
| 14 | 6/235 | ഫ്ലോർ മിൽ യൂണിറ്റ്, കോണമൂണ്ട | 4 (258/20-21) |
| 15 | 9/223 A | കാർത്തിക ഭാരത് ഗ്യാസ് | 4 (225/20-21) |
| 16 | 8/73 A | എസ്.എച്ച് ഹോളോബ്രിക്സ് യൂണിറ്റ് | 3 (243/20-21) |
| 17 | 8/73B | എസ്.എച്ച് സിമന്റ് ഇന്റർലോക്ക് നിർമ്മാണ യൂണിറ്റ് | 3 (244/20-21) |
| 18 | 13/173,174, 175, 176 | മാവേലി സ്റ്റോർ അകമ്പാടം (ദിവസ വേതന ജീവനക്കാർ) | |

മുകളിൽ പരാമർശിച്ച സ്ഥാപന ഉടമകളോട് 2020-21 വർഷത്തിലെ സ്ഥാപനത്തിലെ മുഴുവൻ ജീവനക്കാരുടെയും പേര്, അർദ്ധ വാർഷിക വരുമാനം (റിട്ടേൺ) ഹാജരാക്കാൻ ആവശ്യപ്പെട്ട് തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

തനത് ഫണ്ട് വരുമാനം വർദ്ധിപ്പിക്കാൻ കഴിയുന്ന ഈ സാധ്യത ഉപയോഗപ്പെടുത്താൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഭാഗത്ത് നിന്നും നടപടികളുണ്ടായതായി കാണുന്നില്ല. നിയമവും ചട്ടങ്ങളും അനുസരിച്ച് തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായ വ്യക്തികളിൽ നിന്നെല്ലാം തൊഴിൽ നികുതി ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.
അപാകത സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം. 1/20-21/14.02.2022 ) സ്ഥാപന ഉടമകളിൽ നിന്ന് റിട്ടേൺ വാങ്ങി തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് മറുപടി ലഭ്യമാക്കി. തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-26 വാടക -വർദ്ധനവ് വരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടില്ല.

ചാലിയാർ ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 13/719 A, 720 A, 720 B, 720 C എന്നീ നമ്പർ കെട്ടിടങ്ങളിൽ 26-08-2013 മുതൽ ഇലക്ട്രിക്കൽ സെക്ഷൻ അകമ്പാടം ഓഫീസായി പ്രവർത്തിക്കുന്നു. 26.08.2013 മുതൽ നാളിതുവരെയും 5900/- രൂപ നിരക്കിലാണ് മാസ വാടക ഈടാക്കിയിട്ടുള്ളത്. ഇലക്ട്രിക്കൽ സെക്ഷൻ അകമ്പാടം ഓഫീസിനായി കെട്ടിടങ്ങൾ അനുവദിച്ചതുമായി ബന്ധപ്പെട്ട ചുവടെ ചേർത്ത,

1. വാടക നിശ്ചയിച്ച ഉത്തരവ് / രേഖകൾ.

2. ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡുമായി തയ്യാറാക്കിയ കരാർ .

3. വാടക നിരക്കിൽ വർദ്ധനവ് വരുത്താത്തതിനുള്ള വിശദീകരണം. എന്നിവ ഹാജരാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം.2/20-21/14.02.2022 നൽകിയതിനെ തുടർന്ന് വാടക നിശ്ചയിച്ച ഉത്തരവ്, വാടക കരാർ എന്നിവ ലഭ്യമാക്കി. പഞ്ചായത്ത് കെട്ടിടത്തിൽ സർക്കാർ സ്ഥാപനം തന്നെ പ്രവർത്തിക്കുന്നതിനാലാണ് വാടക നിരക്കിൽ വർദ്ധനവ് വരുത്താതിരുന്നത് എന്നും അറിയിച്ചു. ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സർക്കിൾ നിലമ്പൂരിന്റെ DBC/Rent-Akampadam/ECN/2016-17250 Dated 05-07-2017 ഉത്തരവ് പ്രകാരം മാസവാടക 5900/-രൂപയായി നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും ഇലക്ട്രിസിറ്റി ബോർഡുമായി തയ്യാറാക്കിയ (09-10-2017) കരാറിൽ 09-10-2017 മുതൽ 08-10-2020 വരെയുള്ള മൂന്ന് വർഷകാലത്തേക്കാണ് 5900/-രൂപ മാസ വാടക എന്ന് വ്യക്തമാക്കുന്നുണ്ട്. വാടകക്ക് ജി.എസ്.ടി ഈടാക്കേണ്ടതാണെങ്കിലും ആയത് ഈടാക്കുന്നില്ല. വാടക നിരക്കിൽ വർദ്ധനവ് വരുത്തുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതും ജി.എസ്.ടി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ഇക്കാര്യത്തിലുണ്ടാവേണ്ടതാണ്.

## 1-27 തുടർ നടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

ഭരണ സമിതിയുടെ 27.02.2020 ലെ 3(1) നമ്പർ തീരുമാനം

ചാലിയാർ ഗ്രാമ പഞ്ചായത്തിൽ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന ക്വാറികൾ, റിസോർട്ടുകൾ, ഫാമുകൾ തുടങ്ങിയവ ഉണ്ടോയെന്ന് പരിശോധിച്ച് ലൈസൻസ് എടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങളും ഉദ്യോഗസ്ഥരും അടങ്ങുന്ന പരിശോധനാ കമ്മിറ്റി രൂപീകരിക്കുന്നതിനും തുടർ നടപടികൾ സ്വീകരിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 20.01.2021 ലെ 2(2) തീരുമാനം

ഗ്രാമ പഞ്ചായത്ത് പരിധിയിൽ നിരവധി ഹോം സ്റ്റേകളും റിസോർട്ടുകളും പ്രവർത്തിച്ചുവരുന്നതായും ഇത്തരത്തിൽ പ്രവർത്തിക്കുന്ന പല ഹോം സ്റ്റേകളും റിസോർട്ടുകളും കെട്ടിട നമ്പറോ ലൈസൻസോ ഇല്ലാതെയാണ് പ്രവർത്തിച്ചു വരുന്നതെന്ന് യോഗം നിരീക്ഷിച്ചതിനാൽ ഇത്തരത്തിൽ അനധികൃതമായി പ്രവർത്തിക്കുന്ന ഹോം സ്റ്റേകളുടേയും റിസോർട്ടുകളുടേയും വിവരം അടിയന്തിരമായി ശേഖരിച്ച് നികുതി ഈടാക്കുന്നതിനുള്ള നിയമപരമായ തുടർനടപടികൾ സ്വീകരിക്കുന്നതിനും നിലവിൽ കെട്ടിട നമ്പർ, ലൈസൻസ് നൽകിയിട്ടുള്ള ഹോം സ്റ്റേ, റിസോർട്ടുകൾ എന്നിവയുടെ വിവരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അറിവിലേക്ക് നൽകുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി.

മുകളിൽ പരാമർശിച്ച തീരുമാനങ്ങളിൻമേൽ സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 3/20-21/14.02.2022 ന് മുകളിൽ പരാമർശിച്ച തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ ലൈസൻസ് എടുക്കണമെന്ന് ആവശ്യപ്പെട്ട് ഗ്രാമ പഞ്ചായത്ത് പരിധിയിലെ മുഴുവൻ ഹോം സ്റ്റേകൾ, റിസോർട്ടുകൾ, ഫാമുകൾ എന്നിവയുടെ ഉടമകൾക്കും കത്ത് നല്കിയിരുന്നതായും ആയതിന്റെ അടിസ്ഥാനത്തിൽ 4 റിസോർട്ടുകൾ 3 ഫാമുകൾ എന്നിവയുടെ ഉടമകൾ അപേക്ഷ നൽകി ലൈസൻസ് ഫീസ് അടവാക്കി, ലൈസൻസ് എടുത്തതായും, ലൈസൻസ് കൂടാതെ പ്രവർത്തിക്കുന്ന മറ്റ് സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നതാണെന്നും മറുപടി നൽകി. ഗ്രാമ പഞ്ചായത്ത് പരിധിയിൽ ലൈസൻസ് കൂടാതെ യാതൊരു സ്ഥാപനവും പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-28 ജി.എസ്.ടിയിന്മേൽ 2 ശതമാനം TDS ഈടാക്കിയില്ല

ഗുഡ്സ് & സർവ്വീസ് ആക്ട് 2017- ലെ സെക്ഷൻ 51, 21.07.2018-ലെ 28th ജി.എസ്.ടി കൗൺസിൽ എന്നിവ പ്രകാരം 01.10.2018 മുതൽ തദ്ദേശ സ്ഥാപനങ്ങൾ വാങ്ങുന്ന സാധനങ്ങളുടെ ജി.എസ്.ടിയിന്മേൽ 2 ശതമാനം TDS ഈടാക്കേണ്ടതാണ്. എന്നാൽ ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണം നടത്തിയ അനുപൂരക പോഷകാഹാര വിതരണം എന്ന പദ്ധതി പ്രകാരം അമൃതം ന്യൂട്രിമിക്സ് വാങ്ങുന്നതിന് ചെലവഴിച്ച തുകയിന്മേൽ നൽകിയ ജി.എസ്.ടി-ക്ക് TDS ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.നം | പ്രൊജക്ട് | അമൃതം ന്യൂട്രിമിക്സ് വാങ്ങുന്നതിന് ചെലവഴിച്ച തുക | ഇൻവോയ്സ് വിവരം | സപ്ലൈ നടത്തിയ സ്ഥാപനം |
|---|---|---|---|---|
| 1 | അനുപൂരക പോഷകാഹാരം (ജനറൽ 10/21) | 371804 (ബി.നം 3/20-21 തി.29.06.2020) | 33/02.03.2020-55126<br>2/02.04.2020-144570<br>4/01.05.2020- 172108 | പവിത്രം ന്യൂട്രിമിക്സ് യൂണിറ്റ് |
| | | 289385 (ബി.നം6/20-21 തി.30.10.2020) | 10/4.08.2020 – 141535<br>12/4.09.2020– 144052<br>8/01.07.2020- 3798<br>(8/01.07.2020 പ്രകാരമുള്ള 151899 തുകയിൽ നൽകാൻ അവശേഷിച്ച തുക) | |
| | | 187579 (ചെക്ക് നമ്പർ 035947/13.01.2021 സെൻട്രൽ ഷെയർ) | 17/05.11.2020- 187579 | |
| | | 482201 (ചെക്ക് നമ്പർ 035947/13.01.2021 സെൻട്രൽ ഷെയർ) | 28/01.02.2021- 164717<br>26/01.01.2021- 149300<br>30/01.03.2021- 168184 | |

| | | | | |
|---|---|---|---|---|
| | | ആകെ - 1330969/- | | |
| 2 | അനുപൂരക പോഷകാഹാര വിതരണം (എസ്.ടി 12/21) | 400000(ബി.നം9/20-21 തി.20.01.2021) | 14/06.10.2020- 185062<br>22/01.12.2020- 182101<br>26/01.01.2021- 32837<br>(26/01.01.2021 പ്രകാരമുള്ള 182137 തുകയിൽ നൽകാൻ അവശേഷിച്ച തുക 149300 രൂപ അനുപൂരക പോഷകാഹാരം<br>(ജനറൽ)10/21 ൽ സെൻട്രൽ ഷെയറിൽ നിന്ന് നൽകി) | പവിത്രം ന്യൂട്രിമിക്സ് യൂണിറ്റ് |
| | | ആകെ - 400000/- | | |
| 3 | അനുപൂരക പോഷകാഹാര വിതരണം (എസ്.സി 11/21) | 300000 (ബി.നം5/20-21തി.13.08.2020) | 06/01.06.2020- 151899<br>08/01.07.2020- 148101 | പവിത്രം ന്യൂട്രിമിക്സ് യൂണിറ്റ് |
| | | ആകെ - 300000/- | | |

വാങ്ങലുകൾ നടത്തുമ്പോൾ നൽകുന്ന ജി.എസ്.ടിയിന്മേൽ 2% TDS ഈടാക്കേണ്ടതാണ്. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം 11/20-21/18.02.2022) ക്ക് മേലിൽ TDS ഈടാക്കുന്നതാണെന്നും മേൽ ന്യൂട്രിമിക്സ് യൂണിറ്റ് ടി.ഡി.എസ്. പേയ്മെന്റ് ചെയ്യുവെന്നും അറിയിച്ചു. പവിത്രം ന്യൂട്രിമിക്സ് യൂണിറ്റ് ചുങ്കത്തറ അടവാക്കിയ ടാക്സ് പെയ്മെന്റ് പത്രികയിൽ ചാലിയാർ ഗ്രാമപഞ്ചായത്തിലെ അങ്കണവാടിയിലേക്ക് നൽകിയ പോഷകാഹാരത്തിന്റെ ഇൻവോയ്സ് തുകയുടെ ടി.ഡി.എസ്. അടവാക്കിയതിന്റെ പേയ്മെന്റ് പ്രത്യേകം കാണിച്ചിട്ടില്ല. ടി.ഡി.എസ്. ഈടാക്കാൻ ശ്രദ്ധിക്കേണ്ടതും 2020-21 വർഷത്തിൽ അനുപൂരക പോഷകാഹാര വിതരണ പദ്ധതികളിലൂടെ നൽകിയ തുകയുടെ ടി.ഡി.എസ്. അടവാക്കിയ വിവരം ലഭ്യമാക്കേണ്ടതുമാണ്.

## 1-29 റഗുലറൈസേഷൻ ഫീസ് ഈടാക്കിയതിൽ കുറവ്

ചാലിയാർ ഗ്രാമ പഞ്ചായത്തിലെ വാർഡ് 3 ൽ അകമ്പാടം വില്ലേജിൽ സ.നം 50/1-28 ലെ ശ്രീ.സുനിൽകുമാർ , മാങ്ങാട്ടിരി ഹൗസ് എന്നവരുടെ ഉടമസ്ഥതയിലുള്ള 405 ച.മീ സ്ഥലത്ത് നിർമ്മാണം പൂർത്തിയാക്കിയ 107.07 ച.മീ വിസ്തൃതിയുള്ള വാസഗൃഹ നിർമ്മാണം റഗുലറൈസ് ചെയ്ത് നമ്പർ അനുവദിക്കുന്നതിന് A2-3486 18.12.2020 നമ്പർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. 79ച.മീ വിസ്തൃതിയുള്ള വാസഗൃഹ നിർമ്മാണത്തിന് NOC നൽകിയിട്ടുള്ളതാണെന്നതിനാൽ അധിക നിർമ്മാണം നടത്തിയ 28.31 ച.മീറ്ററിന് മാത്രം റഗുലറൈസേഷൻ ഫീസ് ഈടാക്കി (397- രൂപ) നിർമ്മാണം റഗുലറൈസ് ചെയ്ത് നമ്പർ അനുവദിച്ചതായി കാണുന്നു. നിർമ്മാണം പൂർത്തിയാക്കിയ 107.07 ച.മീറ്റർ വിസ്തൃതിയ്ക്കും റഗുലറൈസേഷൻ ഫീസ് ഈടാക്കേണ്ടതാണ്. 2019 ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ (S.R.O.NO 829/2019 &GO(P)NO.78/2019/LSGD Dated.02.11.2019) പ്രകാരം വാസഗൃഹങ്ങളുടെ ( Group A1) നിർമ്മാണത്തിന് ച.മീറ്ററിന് 7 രൂപ നിരക്കിലാണ് പെർമിറ്റ് ഫീസ് ഈടാക്കേണ്ടത്. എന്നാൽ 150 ച.മീറ്റർ വരെ Built Up Area ഉള്ള വാസഗൃഹങ്ങളുടെ നിർമ്മാണത്തിന് മുകളിൽ പരാമർശിച്ച പെർമിറ്റ് ഫീസിന്റെ 50% ഈടാക്കിയാൽ മതിയാകും. ഓഡിറ്റ് എൻക്വയറി നം 12/20-21/18.02.2022 ന് റഗുലറൈസേഷൻ ഫീസ് ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. റഗുലറൈസേഷൻ ഫീസ് ഈടാക്കിയത് കുറവുള്ള (750-397) 353/-രൂപ ഈടാക്കി അറിയിക്കേണ്ടതാണ്. പെർമിറ്റ് ഫീസിന്റെ ഇരട്ടിയാണ് റഗുലറൈസേഷൻ ഫീസായി ഈടാക്കേണ്ടത് (107.70x3.5x2=750)

## 1-30 ഉപയോഗക്രമത്തിനനുസൃതമായ വസ്തുനികുതി ചുമത്തിയില്ല.

ശ്രീ. ജനാർദ്ദനൻ ,ഊരക്കാട് എന്നവരുടെ ഉടമസ്ഥതയിലുള്ള 119 ച.മീറ്റർ തറവിസ്തീർണ്ണമുള്ള VIII/363നമ്പർ കെട്ടിടത്തിന് 10രൂപ നിരക്കിലാണ് നികുതി ചുമത്തിയിട്ടുള്ളത്. 2020-21വർഷത്തിൽ 10 HP യന്ത്ര സാമഗ്രികൾ ഉപയോഗിച്ച് ഐശ്വര്യ ഇന്റസ്ട്രിയൽ, ഫർണിച്ചർ നിർമ്മാണം എന്നതിനായി ലൈസൻസ് (236/20-21) അനുവദിച്ചിട്ടുണ്ട്. എന്നാൽ ഇതര വ്യവസായ ആവശ്യത്തിന് ഉപയോഗിക്കുന്ന ഈ കെട്ടിടത്തിന് കൈത്തറി ഷെഡ്/ കയർപിരി ഷെഡ് എന്ന ഉപയോഗത്തിൽ ഉൾപ്പെടുത്തി 10 രൂപ നിരക്കിൽ വസ്തു നികുതി ചുമത്തിയതിലൂടെ ഗ്രാമപഞ്ചായത്തിന് 4999/- രൂപ നഷ്ടം സംഭവിച്ചിട്ടുണ്ട്.

ഇതര വ്യവസായ ആവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ച.മീറ്ററിന് 50/-രൂപ നിരക്കിലാണ് നികുതി കണക്കാക്കേണ്ടത്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ഉപയോഗം | ഇതരവ്യവസായം |
|---|---|
| തറവിസ്തീർണ്ണം | 119 ച.മീറ്റർ |
| അടിസ്ഥാന വസ്തുനികുതി നിരക്ക് | 50/ച.മീറ്റർ |
| കെട്ടിടത്തിന്റെ അടിസ്ഥാന വസ്തുനികുതി( 119 X50) | 5950രൂപ |
| (-) ഇളവ് - 20 % (മേഖല 10%+ മേൽക്കൂര 10%) | 1190രൂപ |
| (+) വർദ്ധനവ് - 20 % വഴി സൗകര്യം | 1190രൂപ |
| ഈടാക്കേണ്ട വസ്തുനികുതി | 5950രൂപ |
| ഈടാക്കിയ വസ്തുനികുതി | 1190രൂപ. |
| ഈടാക്കിയതിൽ കുറവ് | 4760രൂപ. |
| ഈടാക്കേണ്ട ലൈബ്രറി സെസ്സ് (5950* 5%) | 298രൂപ |
| ഈടാക്കിയ ലൈബ്രറി സെസ്സ് | 59രൂപ |
| ലൈബ്രറി സെസ്സ് ഈടാക്കിയതിൽ കുറവ് | 239 രൂപ. |
| ആകെ നഷ്ടം (4760+ 239 ) | 4999 രൂപ. |

വസ്തുനികുതി നിർണ്ണയത്തിലെ അപാകത പരിഹരിച്ച് ഡിമാന്റ് ക്രമീകരിക്കേണ്ടതും വസ്തുനികുതി ഈടാക്കിയതിൽ കുറവുവന്ന തുക ഉത്തരവാദികളിൽനിന്നും ഈടാക്കേണ്ടതുമാണ്. ഓഡിറ്റ് എൻക്വയറി (നം. 15/20-21/21.02.2022) ക്ക് മറുപടി ലഭ്യമാക്കിയില്ല.

## 1-31 വി. ഇ.ഒ.യുടെ പദ്ധതി നടത്തിപ്പിലെ അപാകതകൾ

വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി 2020-21 വർഷത്തിൽ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിയതിൽ ചുവടെ ചേർത്ത അപാകതകൾ കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതി | ചെലവ് | റിമാർക്ക്സ് |
|---|---|---|---|
| 1 | ലൈഫ് മിഷൻ പദ്ധതി - വീട് വാസയോഗ്യമാക്കൽ പട്ടികജാതി<br>38/21 | 1800000/- SCP | 1,00,000/- രൂപ വീതമാണ് ഗുണഭോക്താക്കൾക്ക് നൽകിയിട്ടുള്ളത്. |
| 2 | ലൈഫ് മിഷൻ പദ്ധതി - വീട് വാസയോഗ്യമാക്കൽ പട്ടികവർഗ്ഗം<br>39/21 | 1125000/- TSP<br>225000/- CFC | 1,50,000/- രൂപ വീതമാണ് ഗുണഭോക്താക്കൾക്ക് നൽകിയിട്ടുള്ളത്. |
| 3 | ലൈഫ് മിഷൻ പദ്ധതി - വീട് വാസയോഗ്യമാക്കൽ ജനറൽ<br>41/21 | 650000/- വികസനഫണ്ട് ജനറൽ | 50,000/- രൂപ വീതമാണ് ഗുണഭോക്താക്കൾക്ക് നൽകിയിട്ടുള്ളത്. |
| 4 | ലൈഫ് മിഷൻ പദ്ധതി - വീട് വാസയോഗ്യമാക്കൽ പട്ടികവർഗ്ഗം | 675000/- TSP | 1,50,000/- രൂപ വീതമാണ് ഗുണഭോക്താക്കൾക്ക് നൽകിയിട്ടുള്ളത്. |

| | | | |
|---|---|---|---|
| | 271/21 | | |

അപാകതകൾ

1). പട്ടിക ജാതി / പട്ടികവർഗ്ഗ വകുപ്പുകൾ മുഖേന നേരിട്ടും വീട് വാസയോഗ്യമാക്കുന്നതിനായി ഗുണഭോക്താക്കൾക്ക് ധനസഹായം നൽകിവരുന്നതിനാൽ ഈ പദ്ധതികൾ പ്രകാരം ധനസഹായം നൽകുന്ന ഗുണഭോക്താക്കൾക്ക് പ്രസ്തുത വകുപ്പുകൾ മുഖേന ഈ ഇനത്തിൽ ധനസഹായം ലഭിച്ചിട്ടില്ല എന്ന് ഉറപ്പാക്കിയശേഷം മാത്രമാണ് ധനസഹായം അനുവദിക്കാവുന്നത്. എന്നാൽ ക്രമ നം 1, 2, 4 പ്രകാരമുള്ള പദ്ധതികളിൽ ആയത് പാലിച്ചിട്ടില്ല.

2). കൂടാതെ വീട് വാസയോഗ്യമാക്കുന്നതിനുള്ള എസ്റ്റിമേറ്റ് ഉടമസ്ഥൻ തയ്യാറാക്കണം. എൽ.എസ്.ജി.ഡി എഞ്ചിനീയർ പരിശോധിച്ച ശേഷമായിരിക്കും സബ്സിഡി നിരക്ക് നിശ്ചയിക്കേണ്ടത്. കരാറിലേർപ്പെട്ട ശേഷം 50% തുക മുൻകൂറായി നൽകാവുന്നതാണ്. അവസാന ഗഡു തുക നൽകുന്നതിന് മുൻപ് പണി പൂർത്തീകരിച്ച് എൽ.എസ്.ജി.ഡി എഞ്ചിനീയർ പരിശോധിച്ച് മൂല്യ നിർണ്ണയം നടത്തിയതിന് അനുസരിച്ചായിരിക്കണം സബ്സിഡി നൽകേണ്ടത്. എന്നാൽ മേൽ പദ്ധതികളുടെ ഫയലുകളിൽ ഉടമസ്ഥൻ തയ്യാറാക്കിയ എസ്റ്റിമേറ്റ് , എൽ.എസ്.ജി.ഡി എഞ്ചിനീയർ പരിശോധിച്ച് നൽകിയ മൂല്യ നിർണ്ണയ സാക്ഷ്യപത്രം എന്നിവ ഇല്ല. പൂർത്തിയാക്കിയ പ്രവൃത്തിയുടെ മൂല്യ നിർണ്ണയം അടിസ്ഥാനമാക്കാതെ എല്ലാ ഗുണഭോക്താക്കൾക്കും ഒരേ നിരക്കിൽ ധനസഹായം അനുവദിക്കുകയാണ് ചെയ്തിട്ടുള്ളത്.

3). വീട് വാസയോഗ്യമാക്കൽ പദ്ധതികളിൽ ധനസഹായം നൽകിയ ഗുണഭോക്താക്കളുടെ വിവരം രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ പ്രവൃത്തി പൂർത്തീകരിച്ചതിന്റെയും ആരൊക്കെയാണ് അഡ്വാൻസ് മാത്രം കൈപ്പറ്റിയിട്ടുള്ളതെന്നും പരിശോധിക്കാൻ സാധിച്ചിട്ടില്ല. കൂടാതെ തുടർ വർഷങ്ങളിൽ ഇതേ പദ്ധതികൾ നടപ്പിലാക്കുമ്പോൾ ഈ ഇനത്തിൽ ധനസഹായം ലഭിച്ചവരുടെ വിവരം പരിശോധിക്കുന്നതിനും സാധ്യമല്ല.

4). പദ്ധതി പൂർത്തീകരിച്ചതായുള്ള മോണിറ്ററിംഗ് സമിതി റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല.

5). പ്രൊജക്ട് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

6). ചെലവ് രേഖകൾ വൗച്ചർ നമ്പർ അടിസ്ഥാനത്തിലോ പ്രൊജക്ട് ചെലവിന്റെ അടിസ്ഥാനത്തിലോ സൂക്ഷിക്കുന്നില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 20/20-21 /22.02.2022 ) ക്ക് മറുപടി ലഭ്യമാക്കിയില്ല.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 കൺവീനർക്ക് ലാഭവിഹിതം നൽകി_ 34058/- രൂപയുടെ അധിക ചെലവ്.

| | |
|---|---|
| നിർവ്വഹണം | അസി. എൻജിനീയർ |
| പ്രൊജക്ട് | പൊരുമ്പത്തൂർ ജി.എൽ.പി.എസ് റിപ്പയർ (245/21) |
| അടങ്കൽ/ ചെലവ് | 318300/313334 [CFC + 150000] |
| ടി എസ് | LSGD/TS/2019-20/94319(Cl 31.06%) |
| കരാർ | 102/2019-20/30.12.2019 |
| എം ബുക്ക് | 25/2020-21 |
| കൺവീനർ | Moly K Andross |
| മൂല്യ നിർണ്ണയ തുക | 313334/- |
| വൗച്ചർ | 51/20.04.2021 |

ഗുണഭോക്തൃ സമിതി മുഖേന നടപ്പിലാക്കിയ മേൽ പ്രൊജക്ടിൽ ചുവടെ ചേർത്തിട്ടുള്ള അപാകതകൾ മൂലം, കൺവീനർക്ക് അധികം തുക നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. കൺവീനർക്ക് ലാഭ വിഹിതം അനുവദിച്ചു.

ഗുണഭോക്തൃ സമിതികൾ ലാഭേച്ഛ കൂടാതെ പ്രവർത്തിക്കുന്നവയായതിനാൽ, പ്രസ്തുത കമ്മറ്റികൾ മുഖേന നിർവ്വഹണം നടത്തുന്ന പ്രവൃത്തികളിൽ കരാറുകാർക്ക് നൽകുന്ന ലാഭ വിഹിതം നൽകാൻ പാടില്ല. പ്രസ്തുത പ്രവൃത്തികളുടെ എസ്റ്റിമേറ്റ്

തയ്യാറാക്കിയപ്പോൾ ലാഭ വിഹിതം ഉൾപ്പെടുത്തുകയും, ആയത് കൂടി ഉൾപ്പെടുത്തി മൂല്യ നിർണ്ണയം നടത്തി കൺവീനർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. CP & OH ഇനത്തിൽ കരാറുകാർ മുഖേന നിർവ്വഹണം നടത്തുന്ന പ്രവൃത്തികൾക്ക് 15 ശതമാനവും, ഗുണഭോക്തൃ സമിതികൾ മുഖേന നിർവ്വഹണം നടത്തുന്ന പ്രവൃത്തികൾക്ക് 7.5 ശതമാനവും ആണ് അനുവദിക്കേണ്ടത്. എന്നാൽ ഗുണഭോകൃത സമിതി മുഖേന നടപ്പിലാക്കിയ മേൽ പ്രവൃത്തിക്ക് CP & OH ഇനത്തിൽ 15 ശതമാനം അനുവദിച്ചിട്ടുണ്ട്. അധികം നൽകിയ 7.5 ശതമാനം തുക തിരിച്ച് ഈടാക്കേണ്ടതാണ്.

| നൽകിയ തുക | കുറവ് വരുത്തേണ്ടതുക (7.5%) |
|---|---|
| 313334/- | 20435/-<br>(313334*7.5/115) |

അധികം നൽകിയ തുക ഉത്തരവാദിയായ വ്യക്തികളിൽ നിന്നും ഈടാക്കേണ്ടതാണ്. [ഖണ്ഡിക 3-1 കൂടി കാണുക]

2. ഓവർ ഹെഡ് ചാർജ് ഇനത്തിൽ കൺവീനർക്ക് അധികം തുക നൽകി.

ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പാക്കുന്ന മരാമത്ത് പ്രവൃത്തികളില്, GST നിലവിൽ വന്നശേഷം വാറ്റ് അടക്കേണ്ടാത്തതിനാൽ ഗുണഭോക്തൃ സമിതികൾക്ക് ബിൽ നൽകുമ്പോൾ എസ്റ്റിമേറ്റില് ഓവർഹെഡ് ചാർജ്ജ് ഇനത്തിൽ 7.5 % അനുവദിച്ച പ്രവൃത്തികളില്, 5% കുറവ് ചെയ്ത് ബിൽ നൽകേണ്ടതാണെന്ന് എൽ.എസ്.ജി.ഡി ചീഫ് എഞ്ചിനിയറുടെ 16.03.2018 തിയ്യതിയിലെ ഡി.ബി3-9058/17/സി.ഇ/ത.സ്വ.ഭ.വ നമ്പർ കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ ജി.എസ്.ടി അടവാക്കുന്നതിനുള്ള 12% തുക മൂല്യ നിർണ്ണയതുകയോട് കൂട്ടി നൽകുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ ഓവർഹെഡ് ചാർജ്ജിൽ നിന്നും 5% കുറവ് ചെയ്താണ് ബിൽ നൽകേണ്ടിയിരുന്നത്.

എന്നാൽ താഴെ ചേർത്തിട്ടുള്ള പ്രവൃത്തിയുടെ ബിൽ തുക കൺവീനർക്ക് നൽകിയപ്പോൾ വാറ്റ് അടവാക്കുന്നതിനുള്ള 5% കുറവ് വരുത്താതെ ആയത് കൂടി അനുവദിച്ച് നൽകുകയാണ് ചെയ്തിട്ടുള്ളത്. അധികം നൽകിയ തുക ചുവടെ ചേർക്കുന്നു.

| നൽകിയ തുക | കുറവ് വരുത്തേണ്ടതുക(5%) |
|---|---|
| 292899/-<br>[അപാകത 1 പ്രകാരമുള്ള അധിക ചെലവ് കുറവ് വരുത്തിയ തുക (Ie, 313334-20435)] | 13623/-<br>(313334*5/107.5) |

അധികം നൽകിയ തുക കൺവീനറിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട ഹെഡിൽ തിരിച്ചടവാക്കേണ്ടതും, ജി.എസ്.ടി, ക്ഷേമ നിധി വിഹിതം ഇനങ്ങളിൽ അധികം അടവാക്കിയ തുക (ആയതിന്റെ 5%) ക്രമീകരിക്കേണ്ടതുമാണ്. അല്ലാത്ത പക്ഷം അധിക ചെലവ് 34058/(രൂപ) നിർവഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കാക്കുന്നതാണ്.

[മേൽ വിവരം ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (04/2020-21/14.02.2022) മറുപടി ലഭ്യമാക്കിയിട്ടില്ല]

## 3-2 ഓവർ ഹെഡ് ചാർജ് ഇനത്തിൽ കൺവീനർമാർക്ക് അധിക തുക നൽകി.

ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പാക്കുന്ന മരാമത്ത് പ്രവൃത്തികളിൽ, GST നിലവിൽ വന്നശേഷം വാറ്റ് അടക്കേണ്ടാത്തതിനാൽ ഗുണഭോക്തൃ സമിതികൾക്ക് ബിൽ നൽകുമ്പോൾ എസ്റ്റിമേറ്റിൽ ഓവർഹെഡ് ചാർജ്ജ് ഇനത്തിൽ 7.5 % അനുവദിച്ച പ്രവൃത്തികളിൽ, 5% കുറവ് ചെയ്ത് ബിൽ നൽകേണ്ടതാണെന്ന് എൽ.എസ്.ജി.ഡി ചീഫ് എഞ്ചിനിയറുടെ 16.03.2018 തിയ്യതിയിലെ ഡി.ബി3-9058/17/സി.ഇ/ത.സ്വ.ഭ.വ നമ്പർ കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ ജി.എസ്.ടി അടവാക്കുന്നതിനുള്ള 12% തുക മൂല്യ നിർണ്ണയതുകയോട് കൂട്ടി നൽകുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ ഓവർഹെഡ് ചാർജ്ജിൽ നിന്നും 5% കുറവ് ചെയ്താണ് ബിൽ നൽകേണ്ടിയിരുന്നത്.

എന്നാൽ താഴെ ചേർത്തിട്ടുള്ള പ്രവൃത്തിയുടെ ബിൽ തുക കൺവീനർക്ക് നൽകിയപ്പോൾ വാറ്റ് അടവാക്കുന്നതിനുള്ള 5% കുറവ് വരുത്താതെ ആയത് കൂടി അനുവദിച്ച് നൽകുകയാണ് ചെയ്തിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. വാളംതോട് പെയ്ന്റിംഗ് & ആർട്ട് വർക്ക് (199/21)

| | |
|---|---|
| അടങ്കൽ/ ചെലവ് | 149212/149212[MG-NR] |
| ടി എസ് | LSGD/TS/2019-20/89429/ (Cl 31.06%) |
| കരാർ | 47/2019-20/10.12.2019 |
| എം ബുക്ക് | 208/2019-20 |
| കൺവീനർ | KR Premarajan |
| വൗച്ചർ | 68/20.04.2020 |
| മൂല്യനിർണ്ണയം | 149212 |
| കൺവീനർക്ക് അധികം നൽകിയ തുക | 6940/- [Ie, 149212*5/107.5] |

മേൽ പ്രവൃത്തിയിൽ ഓവർഹെഡ് ചാർജ്ജിനത്തിൽ ഗുണഭോക്തൃ സമിതി കൺവീനർക്ക് അധികമായി നൽകിയ 6940/- രൂപ ഉത്തരവാദികളായവരിൽ നിന്നും ഈടാക്കി തിരിച്ചടക്കേണ്ടതാണ്.

2. കോണമുണ്ട സ്കൂൾ പെയ്ന്റിംഗ് & ആർട്ട് വർക്ക് (200/21)

| | |
|---|---|
| അടങ്കൽ/ ചെലവ് | 150000/149889 [MG (NR)] |
| ടി എസ് | LSGD/TS/2019-20/78779/(CI 31.06%) |
| കരാർ | 48/2019-20/10.12.2019 |
| എം ബുക്ക് | 209/2019-20 |
| കൺവീനർ | Mehboob Uzhannan |
| വൗച്ചർ | 65/20.04.2020 |
| മൂല്യനിർണ്ണയം | 149889 |
| കൺവീനർക്ക് അധികം നൽകിയ തുക | 6972/- [ie, 149889*5/107.5] |

ഓവർഹെഡ് ചാർജ്ജിനത്തിൽ ഗുണഭോക്തൃ സമിതി കൺവീനർക്ക് അധികമായി നൽകിയ 6972/- രൂപ ഉത്തരവാദികളായവരിൽ നിന്നും ഈടാക്കി തിരിച്ചടക്കേണ്ടതാണ്.

3. മൈലാടി അങ്കണവാടി അറ്റകുറ്റപണികൾ (230/21)

| | |
|---|---|
| അടങ്കൽ/ ചെലവ് | 185459/134804 [CFC] |
| ടി എസ് | LSGD/TS/2019-20/94320 (CI 31.06%) |
| കരാർ | 69/2019-20/30.01.2020 |
| എം ബുക്ക് | 268/2019-20 |
| കൺവീനർ | Laisamma Mathew |
| വൗച്ചർ | 105/12.11.2020 |
| മൂല്യനിർണ്ണയം | 134803 |
| കൺവീനർക്ക് അധികം നൽകിയ തുക | 6270/- [ie, 134803*5/107.5] |

ഓവർഹെഡ് ചാർജ്ജിനത്തിൽ ഗുണഭോക്തൃ സമിതി കൺവീനർക്ക് അധികമായി നൽകിയ 6270/- രൂപ ഉത്തരവാദികളായവരിൽ നിന്നും ഈടാക്കി തിരിച്ചടക്കേണ്ടതാണ്.

4. പൊരുമ്പത്തൂർ സ്കൂളിൽ അധിക ടോയിലറ്റ് നിർമ്മാണം (270/21)

| | |
|---|---|
| അടങ്കൽ/ ചെലവ് | 400000/88058 [CFC] |
| ടി എസ് | LSGD/TS/2020-21/79829 (CI 31.06%) |
| കരാർ | 101/2020-21/15.01.2021 |
| എം ബുക്ക് | 122/2020-21 |
| കൺവീനർ | Abdul Vahid |
| വൗച്ചർ | 220001200/ 31.03.2021 |
| മൂല്യനിർണ്ണയം | 88058 |
| കൺവീനർക്ക് അധികം നൽകിയ തുക | 4096/- [ie, 88058*5/107.5] |

ഓവർഹെഡ് ചാർജ്ജിനത്തിൽ ഗുണഭോക്തൃ സമിതി കൺവീനർക്ക് അധികമായി നൽകിയ 4096/- രൂപ ഉത്തരവാദികളായവരിൽ നിന്നും ഈടാക്കി തിരിച്ചടക്കേണ്ടതാണ്.

5. പൊരുവമ്പാടം അങ്കണവാടിക്ക് കെട്ടിട നിർമ്മാണം (210/21)

| | |
|---|---|
| അടങ്കൽ/ ചെലവ് | 1200000/1197978 [CFC] |
| ടി എസ് | LSGD/TS/2019-20/93413 (CI 31.06%) |
| കരാർ | 55/2019-20/20.01.2020 |
| എം ബുക്ക് | 256/2019-20 |
| കൺവീനർ | Reji Mole |
| വൗച്ചർ | 139/ 26.03.2021 |
| മൂല്യനിർണ്ണയം | 1197978 |
| കൺവീനർക്ക് അധികം നൽകിയ തുക | 55720/- [ie, 1197978*5/107.5] |

ഓവർഹെഡ് ചാർജ്ജിനത്തിൽ ഗുണഭോക്തൃ സമിതി കൺവീനർക്ക് അധികമായി നൽകിയ 55720/- രൂപ ഉത്തരവാദികളായവരിൽ നിന്നും ഈടാക്കി തിരിച്ചടക്കേണ്ടതാണ്.

6. ഇടവണ്ണ അങ്കണവാടിക്ക് ഷീറ്റ് ഇടൽ (211/21)

| | |
|---|---|
| അടങ്കൽ/ ചെലവ് | 234375/234375 [MG-NR] |
| ടി എസ് | LSGD/TS/2019-20/70811 (CI 31.06%) |
| കരാർ | 41/2019-20/01.11.2019 |
| എം ബുക്ക് | 41/2019-20 |
| കൺവീനർ | Reena Jose |
| വൗച്ചർ | 60/20.04.2020 |
| മൂല്യനിർണ്ണയം | 234375 |
| കൺവീനർക്ക് അധികം നൽകിയ തുക | 10901/- [Ie, 234375*5/107.5] |

ഓവർഹെഡ് ചാർജ്ജിനത്തിൽ ഗുണഭോക്തൃ സമിതി കൺവീനർക്ക് അധികമായി നൽകിയ 10901/- രൂപ ഉത്തരവാദികളായവരിൽ നിന്നും ഈടാക്കി തിരിച്ചടക്കേണ്ടതാണ്.

7. പാണപ്പൊയിൽ ബദൽ സ്കൂൾ റിപ്പയർ (215/21)

| | |
|---|---|
| അടങ്കൽ/ ചെലവ് | 150000/150000 [CFC] |
| ടി എസ് | LSGD/TS/2019-20/35174 (CI 31.06%) |
| കരാർ | 44/2019-20/01.11.2019 |
| എം ബുക്ക് | 265/2019-20 |
| കൺവീനർ | Pushppalatha |
| വൗച്ചർ | 84/20.04.2020 |
| മൂല്യനിർണ്ണയം | 150000 |
| കൺവീനർക്ക് അധികം നൽകിയ തുക | 6977/- [Ie, 150000*5/107.5] |

ഓവർഹെഡ് ചാർജ്ജിനത്തിൽ ഗുണഭോക്തൃ സമിതി കൺവീനർക്ക് അധികമായി നൽകിയ 6977/- രൂപ ഉത്തരവാദികളായവരിൽ നിന്നും ഈടാക്കി തിരിച്ചടക്കേണ്ടതാണ്.

8. ആനപ്പാറ അങ്കണവാടിക്ക് ഷീറ്റിടലും സ്റ്റെയറും (216/21)

| | |
|---|---|
| അടങ്കൽ/ ചെലവ് | 200000/199078 [CFC] |
| ടി എസ് | LSGD/TS/2019-20/93252 (CI 31.06%) |
| കരാർ | 52/2019-20/01.11.2019 |
| എം ബുക്ക് | 234/2019-20 |
| കൺവീനർ | Sakkena |
| വൗച്ചർ | 48/18.06.2020 |
| മൂല്യനിർണ്ണയം | 199078 |
| കൺവീനർക്ക് അധികം നൽകിയ തുക | 9259/- [Ie, 199078*5/107.5] |

ഓവർഹെഡ് ചാർജ്ജിനത്തിൽ ഗുണഭോക്തൃ സമിതി കൺവീനർക്ക് അധികമായി നൽകിയ 9259/- രൂപ ഉത്തരവാദികളായവരിൽ നിന്നും ഈടാക്കി തിരിച്ചടക്കേണ്ടതാണ്.

9. മൈലാടി സ്കൂൾ പെയിന്റിംഗും കട്ടപതിക്കലും (195/21)

| | |
|---|---|
| അടങ്കൽ/ ചെലവ് | 300000/298565 [MG- NR] |
| ടി എസ് | LSGD/TS/2019-20/38247 (CI 31.06%) |
| കരാർ | 45/2019-20/01.11.2019 |
| എം ബുക്ക് | 259/2019-20 |
| കൺവീനർ | Murali C |
| വൗച്ചർ | 49/18.06.2020 |
| മൂല്യനിർണ്ണയം | 298565 |
| കൺവീനർക്ക് അധികം നൽകിയ തുക | 13887/- [Ie, 298565*5/107.5] |

ഓവർഹെഡ് ചാർജ്ജിനത്തിൽ ഗുണഭോക്തൃ സമിതി കൺവീനർക്ക് അധികമായി നൽകിയ 13887/- രൂപ ഉത്തരവാദികളായവരിൽ നിന്നും ഈടാക്കി തിരിച്ചടക്കേണ്ടതാണ്.

10. ഇടവണ്ണ സ്കൂൾ മെയിന്റനൻസ് (194/21)

| | |
|---|---|
| അടങ്കൽ/ ചെലവ് | 250000/216931 [MG- NR] |
| ടി എസ് | LSGD/TS/2019-20/80638 (Cl 31.06%) |
| കരാർ | 98/2019-20/24.02.2020 |
| എം ബുക്ക് | 258/2019-20 |
| കൺവീനർ | Sherly P |
| വൗച്ചർ | 109/20.04.2020 |
| മൂല്യനിർണ്ണയം | 216931 |
| കൺവീനർക്ക് അധികം നൽകിയ തുക | 10090/- [Ie, 216931*5/107.5] |

ഓവർഹെഡ് ചാർജ്ജിനത്തിൽ ഗുണഭോക്തൃ സമിതി കൺവീനർക്ക് അധികമായി നൽകിയ 10090/- രൂപ ഉത്തരവാദികളായവരിൽ നിന്നും ഈടാക്കി തിരിച്ചടക്കേണ്ടതാണ്.

11. മുട്ടിയേൽ അങ്കണവാടി കെട്ടിട പൂർത്തീകരണം (218/21)

| | |
|---|---|
| അടങ്കൽ/ ചെലവ് | 190000/189256 [MG-NR] |
| ടി എസ് | LSGD/TS/2019-20/94321 (Cl 31.06%) |
| കരാർ | 54/2019-20/06.01.2020 |
| എം ബുക്ക് | 241/2019-20 |
| കൺവീനർ | Rahmath |
| വൗച്ചർ | 77/30.09.2020 |
| മൂല്യനിർണ്ണയം | 189256 |
| കൺവീനർക്ക് അധികം നൽകിയ തുക | 8803/- [Ie, 189256*5/107.5] |

മേൽ പ്രവൃത്തിയിൽ ഓവർഹെഡ് ചാർജ്ജിനത്തിൽ ഗുണഭോക്തൃ സമിതി കൺവീനർക്ക് അധികമായി നൽകിയ 8803/- രൂപ ഉത്തരവാദികളായവരിൽ നിന്നും ഈടാക്കി തിരിച്ചടക്കേണ്ടതാണ്.

12. പാണപ്പൊയിൽ അങ്കണവാടി നവീകരണം (280/21)

| | |
|---|---|
| അടങ്കൽ/ ചെലവ് | 350000/198181 [CFC] |
| ടി എസ് | LSGD/TS/2019-20/35178 (Cl 31.06%) |
| കരാർ | 77A/2019-20/04.02.2020 |
| എം ബുക്ക് | 120/2019-20 |
| കൺവീനർ | Chittra |
| വൗച്ചർ | 148/30.03.2021 |
| മൂല്യനിർണ്ണയം | 198181 |
| കൺവീനർക്ക് അധികം നൽകിയ തുക | 9218/- [Ie, 198181*5/107.5] |

മേൽ പ്രവൃത്തിയിൽ ഓവർഹെഡ് ചാർജ്ജിനത്തിൽ ഗുണഭോക്തൃ സമിതി കൺവീനർക്ക് അധികമായി നൽകിയ 9218/- രൂപ ഉത്തരവാദികളായവരിൽ നിന്നും ഈടാക്കി തിരിച്ചടക്കേണ്ടതാണ്.

13. പെരുമ്പത്തൂർ ജി എൽ പി എസ് ടോയിലറ്റ് നിർമ്മാണം (247/21)

| | |
|---|---|
| അടങ്കൽ/ ചെലവ് | 600000/583945 [CFC + Own Fund] |
| ടി എസ് | LSGD/TS/2019-20/94324 (Cl 31.06%) |
| കരാർ | 101/2019-20/30.12.2019 |
| എം ബുക്ക് | 20/2020-21 |
| കൺവീനർ | Moly K Androos |
| വൗച്ചർ | 220001148/30.03.2021 |
| മൂല്യനിർണ്ണയം | 583945 |
| കൺവീനർക്ക് അധികം നൽകിയ തുക | 27160/- [Ie, 583945*5/107.5] |

മേൽ പ്രവൃത്തിയിൽ ഓവർഹെഡ് ചാർജ്ജിനത്തിൽ ഗുണഭോക്തൃ സമിതി കൺവീനർക്ക് അധികമായി നൽകിയ 27160/- രൂപ ഉത്തരവാദികളായവരിൽ നിന്നും ഈടാക്കി തിരിച്ചടക്കേണ്ടതാണ്.

ക്രമ നമ്പർ 1 മുതൽ 13 കൂടിയ വിവിധ പ്രൊജക്ടുകളിൽ കൺവീനർമാർക്ക് ക്രമ വിരുദ്ധമായി അധികം നൽകിയ തുക (176293/രൂപ) ഈടാക്കി തിരിച്ചടവാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ആയത് നിർവഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി കണകാക്കുന്നതാണ്.

[മേൽ വിവരം ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (05/2020-21/14.02.2022) മറുപടി ലഭ്യമാക്കിയിട്ടില്ല]

## 3-3 സിംഗിൾ സെക്ഷൻ വർക്കിന് ട്രസ്സ് വർക്കിന്റെ നിരക്ക് അനുവദിച്ചു- 37,754/- രൂപയുടെ അധികച്ചെലവ്.

സിംഗിൾ സെക്ഷൻ വർക്കിന് ട്രസ്സ് വർക്കിന്റെ നിരക്ക് അനുവദിച്ചത് മൂലം ചുവടെ ചേർത്തിട്ടുള്ള പ്രൊജക്ടുകളിൽ ചുവടെ ചേർക്കും പ്രകാരം അധികച്ചെലവ് ഉണ്ടായിട്ടുണ്ട്.

1. ഇടിവണ്ണ അങ്കണവാടിക്ക് ഷീറ്റ് ഇടൽ (211/21)

അങ്കണവാടി കോൺക്രീറ്റ് മേൽക്കൂരക്ക് മുകളിൽ ഷീറ്റ് വിരിക്കുന്നതിനായി എസ്റ്റിമേറ്റിലെ ഇനം 1 ആയി 622.75 കി.ഗ്രാം സ്റ്റീൽ വർക്ക് ചെയ്തിട്ടുണ്ട്. ഇതിന് അപ്രൂവ്ഡ് ഒബ്സെർവ്ഡ് ഡാറ്റ 50.10.1 പ്രകാരം ട്രസ് വർക്ക് പ്രവൃത്തിക്കുള്ള 122.70/kg എന്ന നിരക്കാണ് അനുവദിച്ചിട്ടുള്ളത്. എന്നാൽ 16.02.20222 ന് ഓവർസിയറുടെ സാന്നിധ്യത്തിൽ നടത്തിയ സ്ഥല പരിശോധനയിലും, അളവ് പുസ്തകം പരിശോധിച്ചതിലും പ്രസ്തുത പ്രവൃത്തി പർലിൻ/സിംഗിൾ സെക്ഷൻ വർക്ക് ആണ് ചെയ്തിട്ടുള്ളത് എന്ന് ബോധ്യപ്പെട്ടു. സിംഗിൾ സെക്ഷൻ വർക്കുകൾക്ക് അനുവദിക്കാവുന്ന നിരക്ക് അപ്രൂവ്ഡ് ഒബ്സെർവ്ഡ് ഡാറ്റ 50.10.2 പ്രകാരമുള്ള 99.91/kg നിരക്കാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| അടങ്കൽ/ ചെലവ് | 234375/234375 [MG-NR] |
| ടി എസ് | LSGD/TS/2019-20/70811 (CI 31.06%) |
| കരാർ | 41/2019-20/01.11.2019 (കൺവീനർ വർക്ക്) |
| എം ബുക്ക് | 41/2019-20 |
| കൺവീനർ | Reena Jose |
| വൗച്ചർ | 60/20.04.2020 |
| മൂല്യനിർണ്ണയം | 234375 |
| നൽകിയ തുക | 76411/- (ie 622.75 Kg X 122.70) |
| നൽകാവുന്ന തുക | 62219/- (ie 622.75 Kg X 99.91) |
| അധികം നൽകിയ തുക | 15895/- [ie, 14192+12% GST] |

അധികമായി നൽകിയ 15895/- രൂപ ഉത്തരവാദികളായവരിൽ നിന്നും ഈടാക്കി തിരിച്ചടക്കേണ്ടതാണ്.

2. പെരുമ്പത്തൂർ GLPS റിപ്പയർ (245/21)

സ്കൂളിന്റെ കോൺക്രീറ്റ് മേൽക്കൂരക്ക് മുകളിൽ ഷീറ്റ് വിരിക്കുന്നതിനായി എസ്റ്റിമേറ്റിലെ എക്സ്ട്രാ ഇനം 3 ആയി 800.55 കി.ഗ്രാം സ്റ്റീൽ വർക്ക് ചെയ്തിട്ടുണ്ട്. ഇതിന് അപ്രൂവ്ഡ് ഒബ്സെർവ്ഡ് ഡാറ്റ 50.10.1 പ്രകാരം ട്രസ് വർക്ക് പ്രവൃത്തിക്കുള്ള 131.26/kg എന്ന നിരക്കാണ് അനുവദിച്ചിട്ടുള്ളത്. എന്നാൽ 16.02.20222 ന് ഓവർസിയറുടെ സാന്നിധ്യത്തിൽ നടത്തിയ സ്ഥല പരിശോധനയിലും, അളവ് പുസ്തകം പരിശോധിച്ചതിലും പ്രസ്തുത പ്രവൃത്തി പർലിൻ/സിംഗിൾ സെക്ഷൻ വർക്ക് ആണ് ചെയ്തിട്ടുള്ളത് എന്ന് ബോധ്യപ്പെട്ടു. സിംഗിൾ സെക്ഷൻ വർക്കുകൾക്ക് അനുവദിക്കാവുന്ന നിരക്ക് അപ്രൂവ്ഡ് ഒബ്സെർവ്ഡ് ഡാറ്റ 50.10.2 പ്രകാരമുള്ള 106.88/kg നിരക്കാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| അടങ്കൽ/ ചെലവ് | 318459/313334 [CFC + MG-NR] |
| ടി എസ് | LSGD/TS/2019-20/94319 (CI 31.06%) |
| കരാർ | 102/2019-20/30.12.2019 |
| എം ബുക്ക് | 25/2020-21 |
| വൗച്ചർ | 51/20-04-2020 |
| മൂല്യനിർണ്ണയം | 313334 |
| നൽകിയ തുക | 105080/- (ie 800.55 Kg X 131.26) |
| നൽകാവുന്ന തുക | 85563/- (ie 800.55 Kg X 106.88) |
| അധികം നൽകിയ തുക | 21859/- [ie, 19517+12% GST] |

അധികമായി നൽകിയ 21859/- രൂപ ഉത്തരവാദികളായവരിൽ നിന്നും ഈടാക്കി തിരിച്ചടക്കേണ്ടതാണ്.
ക്രമ നമ്പർ 1,2 പ്രകാരം അധിക നൽകിയ തുക (37754/രൂപ) ഈടാക്കി തിരിച്ചടവാക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർവഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കുന്നതാണ്.

[മേൽ വിവരം ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (07/2020-21/20.02.2022) മറുപടി ലഭ്യമാക്കിയിട്ടില്ല]

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി. | സർട്ടിഫിക്കറ്റ് നമ്പർ/തീയതി. |
|---|---|---|
| 2020-21 | 21.02.2022 മുതൽ 22.02.2022 വരെ | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

## 4-2 സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം.

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 350000 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് (13/21) | 350000 | 0 |
| ജില്ലാ പഞ്ചായത്ത് | 240000 | ലൈഫ് മിഷൻ പദ്ധതി – പട്ടികജാതി ഫേസ് 2 (155/21) | 240000 | 0 |
| ജില്ലാ പഞ്ചായത്ത് | 120000 | ലൈഫ് മിഷൻ പദ്ധതി – ജനറൽ ഫേസ്2 (42/21) | 120000 | 0 |
| ജില്ലാ പഞ്ചായത്ത് | 200000 | ലൈഫ് ഭവനപദ്ധതി – പട്ടികവർഗ്ഗം – ഫേസ്3 (164/21) | 200000 | 0 |
| ജില്ലാ പഞ്ചായത്ത് | 3300000 | ലൈഫ് മിഷൻ പദ്ധതി – ജനറൽ ഫേസ്3 (161/21) | 3300000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 115760 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് (13/21) | 115760 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 506194 | സമഗ്ര നെൽകൃഷി വികസനം – (24/21) | 506194 | 0 |

## 4-3 ഡെപ്പോസിറ്റ് വർക്കിന നൽകിയ തുകയുടെ വിവരങ്ങൾ.

ഇല്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ.

ഇല്ല.

## 4-5 വായ്പ /വായ്പ തിരിച്ചടവ്.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | തൻവർഷം ലഭിച്ച വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | GO(MS)-2278/LSGD/ 18.08.18 | 0 | 11247646 | 1155645 | 0 | 10092001 |

## 4-6 സ്ഥിര നിക്ഷേപങ്ങൾ.

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി.

ഓഡിറ്റ് റിക്കവറിയിനത്തിൽ ലഭിച്ച 76,767/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ / തിയ്യതി |
|---|---|---|---|---|
| 2018-19 | 3-4(1) | 17500 | ശ്രീമതി.ജസി ജോസഫ് | 120040100305 തി.26.06.2020 |
| 2018-19 | 3-4(2) | 32063 | ശ്രീ.ഫ്രാൻസിസ് എ ഫെർണാണ്ടസ് | 120040100377 തി.06.07.2020 |
| 2018-19 | 3-5 | 8889 | ശ്രീമതി.അംബിക | 120040100415 തി.09.07.2020 |
| 2018-19 | 1-26(2) | 5561 | ശ്രീമതി.അംബിക | 120040100425 തി.09.07.2020 |
| 2018-19 | 1-26(3) | 5509 | ശ്രീമതി.അംബിക | 120040100426 തി.09.07.2020 |
| 2018-19 | 1-26(1) | 3605 | ശ്രീ.ഫ്രാൻസിസ് എ ഫെർണാണ്ടസ് | 120040101298 തി.04.12.2020 |
| 2012-13 | 3-14 | 3400 | ശ്രീ.ലിവി.എ | 120020900269 തി.04.12.2020 |
| 1997-98 | 88 | 240 | ശ്രീ.രഞ്ജിത്ത് രാജ് | 120040103256 തി.04.12.2020 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നമ്പർ. | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നമ്പർ. | വിഷയം. | നിലവിലെ അവസ്ഥ. |
|---|---|---|---|
| 2007-08 | 2011-12 അനുബന്ധം 9 | മരാമത്ത് വർക്കുകളുടെ അവലോകനം. | -- |

## 4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം.

*എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ/ ഈടാക്കാനവശേഷിക്കുന്ന തുക.*

| ക്രമ നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്. | ചാർജ്ജ് സർട്ടിഫിക്കറ്റ് നമ്പറും തിയ്യതിയും | ചാർജ്ജ് സർട്ടിഫിക്കറ്റ് തുക | സ്വയം അടവാക്കിയ തുക (രസീത് നമ്പർ, തിയ്യതി) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക, രസീത് | കോടതി വ്യവഹാരങ്ങളിൽ ഉൾപ്പെട്ട തുക | കോടതി വ്യവഹാരങ്ങളിൽ ഈടാക്കിയ തുക | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|---|---|---|---|---|
| | | | ഇല്ല | | | | | | | | |

*ബി) സർചാർജ്ജ് നടപടി വഴി ഈടാക്കാനവശേഷിക്കുന്ന തുക.*

| ക്രമ നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്. | സർചാർജ് സർട്ടിഫിക്കറ്റ് നമ്പറും തിയ്യതിയും | സർചാർജ് സർട്ടിഫിക്കറ്റ് തുക | സ്വയം അടവാക്കിയ തുക (രസീത് നമ്പർ, തിയ്യതി) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക, രസീത് | ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ | കോടതി വ്യവഹാരങ്ങളിൽ ഉൾപ്പെട്ട തുക | കോടതി വ്യവഹാരങ്ങളിൽ ഈടാക്കിയ തുക | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|---|---|---|---|---|---|

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2007-08 | 3-12 | ശ്രീ.രവീന്ദ്രൻ, സെക്രട്ടറി | LF.24328/ Spl.Cell/CSC /D1/2012 Dt.15.06.2015 | 262600 | | 0 | ഇല്ല | 0 | 0 | 0 | 262600 |

## 4-10 ഓഡിറ്റ് പ്രത്യവലോകനം.

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 80892365 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 76874665 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 248105 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 0 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 34058 | ശ്രീ. അബ്ദുൽ കരീം പാലപ്പറ്റ, അസിസ്റ്റന്റ് എഞ്ചിനിയർ |
| 3-2 | | 176293 | ശ്രീ. അബ്ദുൽ കരീം പാലപ്പറ്റ, അസിസ്റ്റന്റ് എഞ്ചിനിയർ |
| 3-3 | | 37754 | ശ്രീ. അബ്ദുൽ കരീം പാലപ്പറ്റ, അസിസ്റ്റന്റ് എഞ്ചിനിയർ |
| | ആകെ | 248105 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക.

ഇല്ല.

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. അബ്ദുൽ കരീം പാലപ്പറ്റ, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, ചാലിയാർ ഗ്രാമപഞ്ചായത്ത്. | പുത്തൻപള്ളിയാലിൽ വീട്, എടവണ്ണ വഴി, പന്നിപ്പാറ പി.ഒ, മലപ്പുറം- 676541 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം. | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1994-95, 1995-96 | കെ.എസ്.എ.എം.പി.എം.5/950/2018 തി.21.11.2018 | 2 | |

| | | | |
|---|---|---|---|
| 1996-97 | കെ.എസ്.എ.എം.പി.എം.5/981/2018 തി.21.11.2018 | 4 | |
| 1996-97 (ജെ.ആർ.വൈ) | എൽ.എഫ്.എം.13/1239/1999 തി.09.11.1999 | 2 | |
| 1997-98(സ്പെ.റിപ്പോർട്ട്) | എൽ.എഫ്.എം.13/1316/1999(1) തി.05.02.2003 | 113 | |
| 1998-99 | കെ.എസ്.എ.എം.പി.എം.5/950/2018 തി.21.11.2018 | 3 | |
| 1999-00 | കെ.എസ്.എ.എം.പി.എം.5/981/2016 തി.21.11.2018 | 8 | |
| 2000-01 | കെ.എസ്.എ.എം.പി.എം.5/950/2018 തി.21.11.2018 | 20 | |
| 2003-04 | കെ.എസ്.എ.എം.പി.എം.5/1005/2008 തി.14.10.2019 | 1 | |
| 2004-05 | കെ.എസ്.എ.എം.പി.എം.5/23/2009 തി.14.10.2019 | 5 | |
| 2005-06 | കെ.എസ്.എ.എം.പി.എം.5/24/2009 തി.14.10.2019 | 14 | |
| 2006-07 | കെ.എസ്.എ.എം.പി.എം.5/178/2010 തി.14.10.2019 | 7 | |
| 2007-08 | കെ.എസ്.എ.എം.പി.എം.5/61/2012 തി.14.10.2019 | 6 | |
| 2008-09 | കെ.എസ്.എ.എം.പി.എം.5/62/2012 തി.14.10.2019 | 3 | |
| 2009-10 2010-11 | കെ.എസ്.എ.എം.പി.എം.5/386/2013 തി.14.10.2019 | 16 | |
| 2011-12 2012-13 | കെ.എസ്.എ.എം.പി.എം.5/1601/2014 തി:09.01.2018 | 12 | |
| 2013-14 2014-15 | കെ.എസ്.എ.എം.പി.എം.5/1628/2016 തി:24.02.2018 | 15 | |
| 2015-16 | കെ.എസ്.എ.എം.പി.എം.5/3083/2016 തി:06.03.2018 | 11 | |
| 2016-17 | കെ.എസ്.എ.എം.പി.എം.5/1433/2017 തി:01.08.2018 | 14 | |
| 2017-18 | കെ.എസ്.എ.എം.പി.എം.5/1989/2018 തി:08.10.2018 | 15 | |
| 2018-19 | കെ.എസ്.എ.എം.പി.എം.5/458/2020 തി:20.10.2020 | 11 | |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം.

എം.എ.5/2022

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ ചാലിയാർ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ ചാലിയാർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്